# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി9)1237/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 29/11/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

Minu

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി9)1237/25 തീയ്യതി: 29/11/2025

## എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 27-10-2025 | 03-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-10-2025 | 03-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീജ ഉണ്ണികൃഷ്ണൻ,ഓഡിറ്റ് ഓഫീസർ

ജോമോൾ എം.ജോണി,ഓഡിറ്റ് ഓഫീസർ

സഫിയ എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

സൂര്യശ്രീ ബി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രീതി അനിൽ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| അനിൽകുമാർ എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| തോമസ് ഉമ്മൻ | സെക്രട്ടറി | 29-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിൽകുമാർ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 08-09-2024 |
| ബെനിഫിസ് എം. സിറിയക് | അസിസ്റ്റന്റ് സെക്രട്ടറി | 09-09-2024 | 31-03-2025 |
| ഡോ. മോഹൻദാസ് ടി കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. സൂര്യമോൾ വി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. സിജാ സുന്ദരൻ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. കെ. കെ. ഷീജ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| എൽദോസ് അബ്രഹാം | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| മനോജ് കുമാർ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ആതിര തങ്കൻ | വി.ഇ.ഒ(ഇലഞ്ഞി) | 01-04-2024 | 31-03-2025 |
| ജിഷ പി എം | വി.ഇ.ഒ(മുത്തോലപുരം) | 01-04-2024 | 04-09-2024 |
| ഒഴിവ് | വി.ഇ.ഒ(മുത്തോലപുരം) | 05-09-2024 | 04-10-2024 |
| മഞ്ജുഷ് ജോസഫ് | വി.ഇ.ഒ(മുത്തോലപുരം) | 05-10-2024 | 31-03-2025 |
| ജീന ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 08-08-2024 |
| ഒഴിവ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-08-2024 | 15-08-2024 |
| ബീന തോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-08-2024 | 31-03-2025 |
| ഷാജി ജോൺ | ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.എസ് | 01-04-2024 | 31-03-2025 |
| ബിന്ദു കെ.സി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 18-09-2024 |
| മിനിമോൾ എം.എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ | 19-09-2024 | 28-02-2025 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-03-2025 | 06-03-2025 |
| സൂര്യറാണി ഒ.ജെ. | അസിസ്റ്റന്റ് എഞ്ചിനിയർ -ഇൻ- ചാർജ്ജ് | 07-03-2025 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത | 1-1-3 |
| 5 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ ചെലവഴിച്ച തുക പൂർണ്ണമായും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | കേരളോത്സവം ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ഐ-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക നില | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് നീക്കിയിരിപ്പ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-10 |
| 16 | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-11 |
| 17 | ലൈസൻസ്, തൊഴിൽ നികുതി എന്നിവ സംബന്ധിച്ച അപാകതകൾ | 1-12 |
| 18 | വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു | 1-13 |
| 19 | മുത്താലപുരം സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-14 |
| 20 | അൺ-എയ്ഡഡ് സ്കൂളിന് അനർഹമായി വസ്തു നികുതി ഇളവ് നൽകി - കുടിശിക സഹിതം വസ്തു നികുതി ഈടാക്കേണ്ടതാണ് | 1-15 |
| 21 | വാടക വരവ് സംബന്ധിച്ച അപാകതകൾ | 1-16 |
| 22 | സാമൂഹ്യ സുരക്ഷാ പെൻഷൻ -മരണപ്പെട്ടവരുടെ അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ആയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-17 |
| 23 | ഉഗാമപത്രി വളപ്പിൽ നിന്നും മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്തു നൽകിയതിന്റെ വിവരം ലഭ്യമല്ല | 1-18 |
| 24 | ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ 36 സെന്റ് സ്ഥലം സർക്കാർ അനുമതി കൂടാതെ സൗജന്യമായി 8 പേർക്ക് ആധാരം ചെയ്ത് നൽകി | 1-19 |
| 25 | നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചില്ല- 3,20,000/- രൂപയുടെ ചെലവ് തടസപ്പെട്ടുള്ളന്നു | 1-20 |
| 26 | ഡി.ടി.പി.സി.യുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഇരുമല വ്യൂ പോയിന്റിൽ പ്ലാൻ ഫണ്ട് ചെലവഴിച്ച് കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിച്ചു | 1-21 |
| 27 | ടി.എച്ച്.ആർ.എസ്- പർച്ചേസ് ബില്ലുകളിൽ 2 ശതമാനം ജി.എസ്.ടി. ടി.ഡി.എസ് കുറവ് ചെയ്തില്ല | 1-22 |
| 28 | തീർപ്പാക്കാത്ത കേസുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 1-23 |
| 29 | മാവേലി സ്റ്റോറിന്റെ പ്രതിമാസ വാടക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നത് - അപാകതകൾ | 1-24 |
| 30 | ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-25 |
| 31 | വിജയശേരി - അധികനിരക്കിൽ സ്കോളർഷിപ്പ് നൽകി | 1-26 |
| 32 | ലൈഫ് ഭവന നിർമ്മാണം-തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-27 |
| 33 | ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിലേക്ക് അടവാക്കിയില്ല | 1-28 |
| 34 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പ്രൊജക്ട് തയ്യാറാക്കിയതിലെ അപാകതകൾ | 1-29 |

| | | |
|---|---|---|
| 35 | ജൽജീവൻ പദ്ധതി -അവലോകനം | 1-30 |
| 36 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-31 |
| | **ഭാഗം 2** | |
| 1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- 10,220/- രൂപ വരവിനത്തിൽ നഷ്ടം | 2-1 |
| | **ഭാഗം 3** | |
| 1 | വിജയഭേരി-അധിക നിരക്കിൽ സ്കോളർഷിപ്പ് നൽകി- 5000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം അടവാക്കിയതിന്റെ വിവരം | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ തുകകളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെഎസ്എഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **11.07.2025** ലെ **9(1)** -ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **28.07.2025**-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ** 2025 മാർച്ച് 31 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശകലനങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : എറണാകുളം**
**തീയതി : 29.11.2025**

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതും സഞ്ചയ പ്രകാരമുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 24-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹2154587/- ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് -17059558/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ ചെലവഴിച്ച തുക പൂർണ്ണമായും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല

2024-25 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരവും (I-6 ഷെഡ്യൂൾ പ്രകാരം) സുലേഖ ചെലവ് പത്രിക പ്രകാരവും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ആകെ ചെലവ് ₹616588/- ആണ്. എന്നാൽ യഥാർത്ഥ ചെലവ് ₹624928/- ആണ്. സമഗ്ര വാഴകൃഷി (പ്രോജക്ട് നമ്പർ -13/25) എന്ന പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച ₹26328/- യഥാർത്ഥത്തിൽ ചെലവായിട്ടുണ്ടെങ്കിലും ബിൽ എടുക്കുന്നതിൽ വന്ന സാങ്കേതിക തകരാറുകൾ മൂലം ₹17988/- മാത്രമാണ് സുലേഖയിലും വാർഷിക ധനകാര്യപത്രികയിലും ചെലവായി ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ചെലവ്, വാർഷിക ധനകാര്യ പത്രിക, സുലേഖ എന്നിവ പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവുമായി 8340/- രൂപയുടെ വ്യത്യാസം ഉണ്ട്.

### 1-1-5 കേരളോത്സവം ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ഐ-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല

കേരളോത്സവം (പ്രോജക്ട് നമ്പർ 37/25) എന്ന പ്രോജക്ടിനായി വിനിയോഗിച്ച തനത് ഫണ്ട് ₹69798.00 I-11 ഷെഡ്യൂളിൽ കേരളോത്സവം എക്സ്പെൻസസ് (220800101) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

### 1-2 ബജറ്റ്

ഇലഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 14.02.2024 ലെ 3/1 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2024-25 വർഷത്തെ ബജറ്റ് ഭരണ സമിതിയുടെ 11.03.2025 ലെ 5/1 നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് എസ്റ്റിമേറ്റ് | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹9575729 | ₹9675759 |
| വരവ് | ₹191967698 | ₹237518766 |
| ആകെ | ₹201543427 | ₹247194525 |
| ചെലവ് | ₹193485227 | ₹240851111 |
| നീക്കിയിരുപ്പ് | ₹8058200 | ₹6343414 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

#### ബജറ്റ് റിവിഷൻ - മുന്നിരിപ്പ് തുകയിലെ വ്യത്യാസം

ബജറ്റ് റിവിഷനിൽ സാധാരണയായി നടപ്പ് ബജറ്റിലുള്ള വരവിലെയോ ചെലവിലെയോ ഏതെങ്കിലും ഇനങ്ങളിൽ മാത്രമാണ് മാറ്റം വരുത്താറുള്ളത്. ആയതിനാൽ റിവൈസ്ഡ് ബജറ്റിൽ യഥാർത്ഥ ബജറ്റിലെ വരവിലും ചെലവിലും നീക്കിയിരുപ്പിലും വ്യത്യാസം ഉണ്ടാകുന്നുണ്ടെങ്കിലും മുന്നിരുപ്പിൽ വ്യത്യാസം വരാവുന്നതല്ല. എന്നാൽ 24-25 വാർഷിക ബജറ്റ് റിവൈസ് ചെയ്യപ്പോൾ മുന്നിരുപ്പിൽ വ്യത്യാസം വന്നിട്ടുണ്ട്. മുന്നിരുപ്പിലെ വ്യത്യാസം വിശദീകരിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഗ്രാമപഞ്ചായത്ത് ഭരണസമിതിയോ തീരുമാനമൊന്നും എടുത്തിട്ടില്ല.

## 1-3 സാമ്പത്തിക നില

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹24024808.00 |
| വരവ് | : | ₹45388807.00 |
| ആകെ | : | ₹69413615.00 |
| ചെലവ് | : | ₹43234220.00 |
| നീക്കിയിരിപ്പ് | : | ₹26179395.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവു ചെലവുകൾ തുടർന്നു വരുന്ന ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത ലാപ്സായ തുക | ബാങ്ക് നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹15547000 | ₹15547000 | ₹12353663 | ₹3193337 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹1839000 | ₹1839000 | ₹783243 | ₹1055757 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹31298000 | ₹31298000 | ₹25953981 | ₹5344019 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹7505000 | ₹7505000 | ₹6149792 | ₹1355208 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) ബാങ്ക് | ₹986442 | ₹2619199+ ₹176564 (പലിശ)= 2795763 | ₹3782205 | ₹2061460 | - | ₹1720745 |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) ട്രഷറി | - | ₹186489 | ₹186489 | ₹115790 | ₹70699 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | ₹2203585 | ₹5342000 | ₹7545585 | ₹1898448 | - | ₹5647137 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) ട്രഷറി | - | ₹291114 | ₹291114 | ₹112461 | ₹178653 | - |
| വെള്ളപ്പൊക്ക ദുരിതാശ്വാസ ഗ്രാന്റ് (320100192) | ₹84370 | ₹2350 | ₹86720 | - | - | ₹86720 |
| ഐ.സി.ഡി.എസ്. (320100196) (*) | ₹1092763 | ₹1073174 + (₹10400) | ₹2176337 | ₹681714 + (₹50000) | - | ₹1444623 |
| ശുചിത്വമിഷൻ (320100198) | - | ₹96000 | ₹96000 | ₹96000 | - | - |
| Health Grant - Support For Diagnostic Infrastructure (320100202) | ₹694802 | ₹322569 | ₹1017371 | ₹331035 | - | ₹686336 |
| Health Grant - Conversion Of PHC Sub Centres Into Wellness Centres (320100204) | ₹300077 | ₹512085 | ₹812162 | ₹219141 | - | ₹593021 |
| ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് 320100152 | ₹100000 | ₹100000 | ₹200000 | - | - | ₹200000 |
| വിമുക്തി (320300199) | ₹31393 | - | ₹31393 | - | - | ₹31393 |
| റൂറൽ ഹൗസിംഗ് 320100160 | ₹1600000 | ₹2000000 | ₹3600000 | ₹2980000 | - | ₹620000 |
| അദർ ലയബിലിറ്റീസ് 320100999 | ₹6533 | ₹177 | ₹6710 | - | - | ₹6710 |

| | | | | | | |
|---|---|---|---|---|---|---|
| സ്വച്ഛ് ഭാരത് അഭിയാൻ (**)320100174 | 0 | ₹546000 | ₹546000 | ₹546000 | - | - |

കുറിപ്പ്:

. വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹1692653/- ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹60867/- ഉൾപ്പെടുന്നുണ്ട്.

. സംരക്ഷണഗ്രാന്റ് (റോഡിതരം) ₹6035836/- റവന്യൂ ചെലവും ₹113956/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) ₹1402082/- റവന്യൂ ചെലവും ₹659378/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. ധനകാര്യകമ്മീഷൻ അവാർഡ്(Tied) ₹1136200/- റവന്യൂ ചെലവും ₹762248/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

* 2021-22 വർഷം വരവിനത്തിൽ ഹെഡ് മാറി അക്കൗണ്ട് ചെയ്തിരുന്ന ₹10400/-, 2023-24 വർഷം ചെലവിനത്തിൽ ഹെഡ് മാറി അക്കൗണ്ട് ചെയ്തിരുന്ന ₹50000/- എന്നിവ ജേണൽ എൻട്രി മുഖേന ഉൾപ്പെടുത്തി നീക്കിയിരുപ്പ് കൃത്യമാക്കി.

** സ്വച്ഛ് ഭാരത് അഭിയാൻ യഥാർത്ഥ ചെലവ് ₹546000/- ആണ്. 1-6 പ്രകാരം ചെലവ് ₹594000/- എന്നാണെങ്കിലും നിശ്ചിത ദിവസത്തിനുള്ളിൽ തുക ചെലവഴിക്കാത്തതിനാൽ ₹48000/- ഫണ്ടിംഗ് ഏജൻസി ബാങ്ക് അക്കൗണ്ടിൽ നിന്നും തിരികെ എടുത്തിട്ടുള്ളതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | ₹142921936 | ₹68226684 | 124 | 8 | 60 | 64.6 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹0 | ₹1211412 | ₹1211412 | ₹1211412 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹17145708 | ₹17145708 | ₹17145708 | - |
| ആകെ | ₹0 | ₹18357120 | ₹18357120 | ₹18357120 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | ₹3227200 | 176 |
| വിധവ പെൻഷൻ | ₹8339000 | 531 |
| വാർദ്ധക്യ കാല പെൻഷൻ | ₹24274900 | 1602 |
| വികലാംഗ പെൻഷൻ | ₹2886300 | 167 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹926200 | 54 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | ₹30000 | 1 |

## 1-8 ക്യാഷ് നീക്കിയിരിപ്പ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് നീക്കിയിരിപ്പ് പരിശോധന 29.10.2025 ൽ ഉച്ചയ്ക്ക് 3 മണിക്ക് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി.പരിശോധനയിൽ 14,269/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണം വിവിധ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് പ്രോജക്ട് ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

2. വിവരാവകാശ നിയമം-2005 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. വിവരാവകാശ അപേക്ഷ നൽകിയ വ്യക്തിയുടെ പേര്, മേൽവിലാസം, വിവരം ലഭ്യമാക്കേണ്ട വിഷയം, മറുപടി അയച്ചതിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3.നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകുമ്പോൾ നിർവ്വഹണ ഏജൻസിയുമായി വെയ്ക്കുന്ന കരാറുകളിൽ പ്രവൃത്തി പൂർത്തീകരണ തീയതി, കരാറിൽ ഏർപ്പെടുന്ന വ്യക്തികളുടെ ഒപ്പ്, സാക്ഷികളുടെ ഒപ്പ് എന്നിവ നിർബന്ധമായും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 തൊഴിൽ നികുതി ഈടാക്കിയില്ല

1. സ.ഉ.(സാധാ)നം.1149/2024/LSGD, തീയതി 27-06-2024 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം പുതിയ നിരക്കുകൾ 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ സെന്റ് ഫിലോമിനാസ് പബ്ലിക് സ്കൂൾ, അസോസിയേറ്റഡ് ആഗ്ഗ്രിഗേറ്റ്സ് മെറ്റൽ ക്രഷർ, ഇന്ത്യൻ ആഗ്ഗ്രിഗേറ്റ്സ് എന്നി സ്ഥാപനങ്ങളിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷത്തിൽ പുതുക്കി നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതിനാൽ ഗ്രാമപഞ്ചായത്തിന് 10,220/- നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

2. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ 2024-25 രണ്ടാം അർദ്ധവർഷത്തിൽ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | നെടുമ്പറമ്പിൽ സിൻഡിക്കേറ്റ് | I, II |
| 2 | മിൽക്ക് സൊസൈറ്റി, ജോസ്ഗിരി | II |
| 3 | മിൽക്ക് സൊസൈറ്റി, ഇലഞ്ഞി | II |

3. രണ്ടാം വാർഡിലുള്ള സെന്റ് സേവിയേഴ്സ് സ്കൂളിലെ ഹെഡ് മാസ്റ്റർ ഒഴികെയുള്ള ജീവനക്കാരുടെ തൊഴിൽ നികുതി 2024-25 ഒന്നാം അർദ്ധവർഷത്തിൽ അടവാക്കിയിട്ടില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 2/28.10.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ക്രമ നമ്പർ (1) ൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരുടെ കുറവ് വന്ന തൊഴിൽ നികുതിയും ക്രമ നമ്പർ (2), (3) എന്നിവയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതാണെന്ന് അറിയിച്ചു.

തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-11 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) എ(i), (ii) പ്രകാരം ഒരാൾ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്ത് വരുമാനം നേടിയിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക്

വിധേയനാകം.2024-2025 സാമ്പത്തിക വർഷത്തിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് |
|---|---|
| 1. | കെ. പി. ബേബി |
| 2. | ഷാജികുമാർ കെ. |
| 3. | ജോജിഷ് ജോസ് |
| 4. | വിനോദ്കുമാർ വി. സി |
| 5. | ജെയിംസ് എം. ജെ. |

മേൽ കരാറുകാരുടെ തൊഴിൽ നികുതി ഇലഞ്ഞി ഗ്രാമപഞ്ചായത്തിലോ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലോ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 7/30.10.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പ്രസ്തുത കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ, കരാറുകാർ എന്നിവർക്ക് കത്ത് നൽകി തുക ഈടാക്കി ആയത് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കരാറുകാരിൽ ചിലർ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ തുക അടച്ചിട്ടുള്ളതാണെന്നും ഇപ്രകാരം നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കുന്നതാണെന്നും അല്ലാത്ത പക്ഷം തൊഴിൽ നികുതി ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ അടവാക്കി ആയതിന്റെ രസീത് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. കരാറുകാർ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-12 ലൈസൻസ്, തൊഴിൽ നികുതി എന്നിവ സംബന്ധിച്ച അപാകതകൾ

2024-25 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(I) ലൈസൻസ് ഫീസ് കുറവായി ഈടാക്കി

S.R.O. No. 674/2017, തീയതി 31.10.2017 ൽ പുറപ്പെടുവിച്ച കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10- ൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് ഫീസ് നിഷ്കർഷിച്ചിട്ടുണ്ട്.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം അടിസ്ഥാനമാക്കി ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം, മേഖല | ചട്ടങ്ങൾ പ്രകാരം ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 1. | വിരിപ്പുകാട്ടത്തിൽ ഡെന്റൽ സ്റ്റുഡിയോ | ₹15,00,000/-, സേവന മേഖല | ₹1000/- | ₹500/- | ₹500/- |
| 2. | പുത്തൻപുരയിൽ ട്രേഡേഴ്സ് | ₹15,00,000/-, സേവന മേഖല | ₹1000/- | ₹500/- | ₹500/- |

(II) ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ ജീവനക്കാരുള്ളതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ തൊഴിൽ നികുതി തൊഴിൽ ഉടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള സീരിയൽ നമ്പർ – സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | 129-കെന്റ് വുഡ് ഇൻഡസ്ട്രീസ് | 40 |
| 2. | 85-സെന്റ് മേരീസ് കൺസ്ട്രക്ഷൻസ് | 9 |
| 3. | 22-പുത്തൻപുരയിൽ ട്രേഡേഴ്സ് | 6 |
| 4. | 135-ജിജോർ കാറ്ററിംഗ് | 5 |
| 5. | 109-പാറക്കണ്ടത്തിൽ ഏജൻസീസ് | 5 |

മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 12/31.10.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ക്രമ നമ്പർ (i) -ൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും കുറവ് വന്ന ലൈസൻസ് തുക ഈടാക്കേണ്ടതും ക്രമ നമ്പർ (ii) ഇൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിൽ ഉടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 4-ാംചട്ടം, (2)-ാം ഉപചട്ടം പ്രകാരം ഇലഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി നിരക്കുകൾ 17.05.2023 ൽ നടന്ന ഭരണസമിതി യോഗത്തിലെ 4/2 നമ്പർ തീരുമാനം പ്രകാരം 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കുകൾ പ്രകാരം 300 ച. മീ വരെ തറ വിസ്തീർണമുള്ള പാർപ്പിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് ₹7/ച. മീ യും, 300 ച. മീ ക്ക് മുകളിൽ ഉള്ളവയ്ക്ക് ₹10/ച. മീ. യുമാണ്.

ചുവടെ ചേർത്തിരിക്കുന്ന, 300 ച. മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ "300 ച. മീ വരെ" എന്ന തെറ്റായ ഉപയോഗക്രമത്തിൽ രേഖപ്പെടുത്തി വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചിട്ടുണ്ട്.

| വാർഡ് നമ്പർ / കെട്ടിട നമ്പർ, വിസ്തീർണ്ണം | കെട്ടിട ഉടമയുടെ പേര് | നികുതി നിർണ്ണയിച്ച അർദ്ധവർഷം | പുതുക്കിയ നിരക്കുകൾ പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക്, അടിസ്ഥാന വസ്തു നികുതി (വർഷം തോറും 5% വർദ്ധനവോടെ) | നിലവിൽ സ്വീകരിച്ച പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതി നിരക്ക്, അടിസ്ഥാന വസ്തു നികുതി | അടിസ്ഥാന വസ്തു നികുതിയിൽ കുറവ്(₹) |
|---|---|---|---|---|---|
| 8/29/A, 490.9 ച. മീ | ഡോ. മോഹൻ ബാബു ജോസ് | 2023-2024(I) | @₹10/ച. മീ, ₹ 4909/- | @₹7/ച. മീ, ₹ 3436.3/- | ₹ 1472.7/- |
| 9/225/A, 384.54 ച. മീ | ജോസ് | 2024-25 (I) | @₹10/ച.മീ, ₹3845.4 | @₹7.35/ച. മീ, ₹ 2826.369 | ₹ 1019.03/- |

ശരിയായ തറ വിസ്തീർണ്ണത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 1/28.10.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, മേൽ കെട്ടിടങ്ങളുടെ നികുതി പുനഃക്രമീകരിച്ച് ഡിമാൻഡ് നോട്ടീസ് നൽകി കുറവ് വന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വസ്തു നികുതി പുതുക്കി നിർണയിച്ച് കുറവ് വന്ന വസ്തു നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-14 മുത്തോലപുരം സർവീസ് സഹകരണ ബാങ്ക് കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

1. വാർഷിക ധനകാര്യ പത്രികയുടെ B-15 ഷെഡ്യൂൾ പ്രകാരം 31.3.25 ൽ വസ്തു നികുതി ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| Receivables For Property Tax On Residential Buildings (Current) | ₹2,17,892/- |
| Receivables For Property Tax On Residential Buildings (Arrears) | ₹4,274/- |
| Receivables For Property Tax On Non- Residential Buildings (Arrears) | ₹86,764/- |
| Receivables For Property Tax On Non-Residential Buildings (Arrears) | ₹62,723/- |

2. ചുവടെ ചേർത്ത കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| വാർഡ് നമ്പർ/കെട്ടിട നമ്പർ | കെട്ടിട ഉടമ | വസ്തു നികുതി അടവാക്കാത്ത കാലയളവ് | കുടിശ്ശിക തുക (₹) |
|---|---|---|---|
| 5/150 | സെക്രട്ടറി, സർവീസ് | 2019-20 (രണ്ടാം അർദ്ധവർഷം) | 36,862/- |

| | | | |
|---|---|---|---|
| 5/150 A | കോഓപ്പറേറ്റീവ് ബാങ്ക്, മുത്തോലപുരം | - 2024-25 (രണ്ടാം അർദ്ധവർഷം) | 40,371/- |
| | ആകെ | | 77,233/- |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ 3/28.10.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, മേൽ കേസുകളിൽ 30.07.2025 തീയതിയിൽ കോടതി ഉത്തരവ് വന്നിട്ടുള്ളതാണെന്നും കോടതി ഉത്തരവിൽ, ഗ്രാമപഞ്ചായത്ത് കമ്മിറ്റി മുൻപാകെ ബാങ്ക് സമർപ്പിച്ച അപ്പീലിന്മേൽ കമ്മിറ്റി ഒന്നുകൂടി ഹിയറിംഗ് നടത്തി ആയതിന്റെ തീരുമാനം ബാങ്കിന് നൽകേണ്ടതാണെന്ന് പരാമർശിച്ചിട്ടുള്ളതാണെന്നും ടി ഉത്തരവ് പ്രകാരം എത്രയും വേഗം ഹിയറിംഗ് നടത്തി കെട്ടിടങ്ങളുടെ നികുതി കുടിശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടികൾ സ്വീകരിച്ച് വസ്തു നികുതി കുടിശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15 അൺ-എയ്ഡഡ് സ്കൂളിന് അനർഹമായി വസ്തു നികുതി ഇളവ് നൽകി - കുടിശിക സഹിതം വസ്തു നികുതി ഈടാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 ന്റെ (കേരള ഫിനാൻസ് ആക്ട്, 2023 മുഖേന ഭേദഗതി വരുത്തിയ) സെക്ഷൻ 207 1(b) പ്രകാരം, 1.04.2023 പ്രാബല്യത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളെയും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ്വകാര്യ അൺ-എയ്ഡഡ് വിദ്യാഭ്യാസസ്ഥാപങ്ങൾക്ക് ഈ ഇളവ് ബാധകമല്ല.

പ്രസ്തുത ഭേദഗതിക്ക് മുൻപ്, ആക്ടിലെ 207 (ബി എ) സെക്ഷൻ പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു. എന്നാൽ 2023-ലെ ഭേദഗതിയിലൂടെ ഈ സെക്ഷൻ 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്.

സഞ്ചയ പോർട്ടലിൽ ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി രേഖകൾ പരിശോധിച്ചതിൽ, റവ. ഡോ. ജോൺ എർണ്യാകുളത്തിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമായ സെന്റ് ഫിലോമിനാസ് പബ്ലിക് സ്കൂൾ& ജൂനിയർ കോളജിന്റെ(സി.ബി.എസ്.ഇ.അഫിലിയേഷൻ നമ്പർ-930439) വിദ്യാഭാസ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇനത്തിൽ ഇളവ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/കെട്ടിട നമ്പർ | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | നികുതി ഒഴിവാക്കിയ കാലയളവ് | ഇളവ് നൽകിയതിന്റെ കാരണം (സഞ്ചയയിൽ രേഖപ്പെടുത്തിയത്) |
|---|---|---|---|
| 11/211A | സ്കൂൾ കെട്ടിടം | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | സർക്കാർ അംഗീകാരമുള്ള ഹയർസെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനം - വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ [സെ. 207 (1 (ബി എ))] |
| 11/211 B | സ്കൂൾ കെട്ടിടം | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | സർക്കാർ അംഗീകാരമുള്ള ഹയർസെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനം - വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ [സെ. 207 (1 (ബി എ)] |
| 11/211 C | സ്കൂൾ കെട്ടിടം | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | വിദ്യാഭ്യാസ സ്ഥാപനം-എയ്ഡഡ് [സെ. 207(1 (ബി))] - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 11/211 /E(പ്രൊവിഷണൽ നമ്പർ) | ഹോസ്റ്റൽ കെട്ടിടം | 2015-16 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം | വിദ്യാഭ്യാസ സ്ഥാപനം-എയ്ഡഡ് - വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ -[സെ.207(1 (ബി) )] |

| അർദ്ധവാർഷം വരെ |
|---|

സെന്റ് ഫിലോമിനാസ് പബ്ലിക് സ്കൂൾ & ജൂനിയർ കോളജ് ഒരു സ്വകാര്യ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമാണെന്നിരിക്കെ സർക്കാർ വക/എയ്ഡഡ് സ്കൂളുകൾക്ക് ബാധകമായ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 207 1(b) പ്രകാരവും 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കപ്പെട്ട സെക്ഷൻ 207 (ബി എ) പ്രകാരവും വസ്തു നികുതിയിന്മേൽ ഇളവ് നൽകുന്നത് ക്രമവിരുദ്ധമാണ്. ഗ്രാമപഞ്ചായത്തിലെ മറ്റ് അൺ-എയ്ഡഡ് സ്കൂൾ, കോളജ് കെട്ടിടങ്ങളിൽ നിന്നും (നേതാജി പബ്ലിക് സ്കൂൾ, വിസാറ്റ്) സമയബന്ധിതമായി വസ്തുനികുതി ഈടാക്കി വരുന്ന സാഹചര്യത്തിൽ സെന്റ് ഫിലോമിനാസ് പബ്ലിക് സ്കൂളിൽ നിന്നും വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 20/1.11.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. നിലവിൽ സെന്റ് ഫിലോമിനാസ് സ്കൂളിന്റെ ഉടമസ്ഥതയിലുള്ള വസ്തുനികുതി ഒഴിവാക്കിയിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഡിമാൻഡ് ചെയ്ത് നോട്ടീസ് നൽകി കുടിശ്ശിക സഹിതം തുക ഈടാക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കുന്നതാണെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കി വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 വാടക വരവ് സംബന്ധിച്ച അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയുടെ 8-15 ഷെഡ്യൂൾ പ്രകാരം, 31.3.25 ൽ വാടക ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻ വർഷത്തെ വാടക തുകയിൽ ലഭിക്കാൻ അവശേഷിക്കുന്നത് | 35,130/- |
| ലഭിക്കാനാവശേഷിക്കുന്ന വാടക കുടിശ്ശിക തുക-മുൻവർഷങ്ങളിലേത് | 1,99,227/- |

2. ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ കടമുറികളുടെ എണ്ണവും അവയിൽ ഒഴിഞ്ഞുകിടക്കുന്ന കടമുറികളുടെ എണ്ണവും എത്രയാണെന്നുള്ള വിവരം ലഭ്യമല്ല.

3. മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ ചുവടെ ചേർക്കുന്ന കടമുറികളുടെ വാടക കരാറുകൾ അപൂർണ്ണമാണ്. വാടക കരാർ പത്രങ്ങളിൽ വാടകക്കാരന്റെ ഒപ്പ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കരാർ കാലയളവ്, കടമുറിയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, പ്രതിമാസ വാടക തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. വാടക കരാറുകളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | മുറി വാടകയ്ക്കെടുത്തിട്ടുള്ള വ്യക്തി |
|---|---|---|
| 1. | 11/71 | സദാനന്ദൻ |
| 2. | 11/78, 9/70 | കെ. ആർ. വിജയൻ |
| 3. | 11/323 B1 | രാജ കൃഷ്ണൻകുട്ടി |
| 4. | 11/82 | ബാബു സി. വി |
| 5. | 6/324 | സുനിത രവികുമാർ |
| 6. | 11/83 | പീറ്റർ ജോർജ് |
| 7. | 11/81 | ചെറിയാൻ പി. ജോസ് |
| 8. | 11/80 | ബോബൻ അഗസ്റ്റിൻ |
| 9. | 11/68-ഡി, 11/76 | എ. എൻ. ശശി |
| 10. | 11/79 | പി. യു ജോയ് |
| 11. | 11/84 | സുലോചന പവിത്രൻ |
| 12. | 7/160 | ഔസേപ്പ് മത്തായി |

4. 11/698 നമ്പർ കടമുറി വാടകയ്ക്കെടുത്തിരിക്കുന്ന അനസ്സ് ഷാജി എന്ന വ്യക്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട വാടക കരാർ ലഭ്യമല്ല.

അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 4/28.10.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. വാടകക്കാരിൽ നിന്നും സമയബന്ധിതമായി വാടക ഈടാക്കേണ്ടതാണ്. വാടക കുടിശ്ശിക അടവാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശിക ഈടാക്കേണ്ടതാണ്. കൂടാതെ,

2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ)ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം വ്യവസ്ഥകൾ ഉൾപ്പെടുത്തി വാടക കരാറുകൾ സമയബന്ധിതമായി ചമയ്ക്കേണ്ടതും ആയത് വർഷം തോറും പുതുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ കടമുറികളുടെയും ഒഴിഞ്ഞു കിടക്കുന്ന കടമുറികളുടെയും കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ്.

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ -മരണപ്പെട്ടവരുടെ അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ആയ തുക തിരികെ ഈടാക്കേണ്ടതാണ്

സ.ഉ(സാധാ)97/2020/ധന/23.09.2020 നമ്പർ ഉത്തരവിൽ ഗുണഭോക്താക്കൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന പക്ഷം അവരിൽ നിന്നും പ്രസ്തുത തുക ഈടാക്കി സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവിലെ ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ തുകയിന്മേൽ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം അപ്രകാരം കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.
സേവന പെൻഷൻ പോർട്ടലും ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള, മരണപ്പെട്ടവരുടെ ആധാർ വിവരങ്ങളും പരിശോധിച്ചതിൽ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റിയിരുന്ന ചുവടെ ചേർക്കുന്നവരുടെ അക്കൗണ്ടുകളിലേയ്ക്ക് അവരുടെ മരണശേഷവും പെൻഷൻ തുക ക്രെഡിറ്റ് ആയിട്ടുണ്ട്.

| ക്രമ നം. | മരണപ്പെട്ട വ്യക്തിയുടെ പേര് / ആധാർ നം. | പെൻഷൻ ഐഡി/പെൻഷൻ തരം/ അക്കൗണ്ടിന്റെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ ലഭിച്ച കാലയളവ് | അനർഹമായി ക്രെഡിറ്റ് ആയ തുക (പ്രതിമാസ പെൻഷൻ തുക = ₹ 1600/-) |
|---|---|---|---|---|---|
| 1. | തോമസ് വർക്കി / 683989961180 | 2220107679/ക്ഷേമനിധി ബോർഡ് പെൻഷൻ (ആക്ടീവ്) | 14.03.2024 | ഏപ്രിൽ 2024 മുതൽ മെയ് 2024 വരെ | 2x₹1600 ₹3200/- |
| 2. | മറിയക്കുട്ടി ചെറിയാൻ/ 818388723703 | 106950201223/ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (സസ്പെൻഡ്) | 30.03.2024 | ഏപ്രിൽ 2024 മുതൽ മെയ് 2024 വരെ | 2x₹1600= ₹3200/- |
| 3. | പൈലി ആന്ത്രോസ്/ 361061419130 | 2220134836/ക്ഷേമനിധി ബോർഡ് പെൻഷൻ (ആക്ടീവ്) | 27.03.2024 | ഏപ്രിൽ 2024 മുതൽ മെയ് 2024 വരെ | 2x1600/-= ₹3200/- |
| 4. | ഭാർഗവി ഗോപാലൻ/ 854278287410 | 106910100189/കർഷക തൊഴിലാളി പെൻഷൻ (സസ്പെൻഡ്) | 08.04.2024 | മെയ് 2024 | ₹1600/- |
| 5. | ഏലിക്കുട്ടി/ 435526328136 | 106910200501/ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (സസ്പെൻഡ്) | 02.04.2024 | മെയ് 2024 | ₹1600/- |
| 6. | ദാമോദരൻ എ./ 901674224019 | 2043159806/ക്ഷേമനിധി ബോർഡ് പെൻഷൻ/ (ആക്ടീവ്) | 20.02.2024 | മാർച്ച്, ഏപ്രിൽ, മെയ് 2024 | 1600x3= ₹4800/- |

അനർഹമായ കാലയളവിൽ ക്രെഡിറ്റ് ആയ തുക തിരികെ സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ടിലേയ്ക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 6/30.10.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, മരണപ്പെട്ട ശേഷം അനന്തരാവകാശികൾ പെൻഷൻ കൈപ്പറ്റിയ വിഷയത്തിൽ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകൾക്കും ബാങ്കുകൾക്കും കത്ത് നൽകുന്നതാണെന്നും അധികമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനായി ഉചിതമായ നിയമനടപടികൾ അടിയന്തിര പ്രാധാന്യത്തോടെ ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കി. മരണപ്പെട്ടവരുടെ അനന്തരാവകാശികൾ

കൈപ്പറ്റിയ പെൻഷൻ തുക തിരികെ സർക്കാരിലേയ്ക്ക് അടവാക്കി ആയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-18 മൃഗാശുപത്രി വളപ്പിൽ നിന്നും മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്തു നൽകിയതിന്റെ വിവരം ലഭ്യമല്ല

ഇലഞ്ഞി ഗ്രാമപഞ്ചായത്ത് വക മൃഗാശുപത്രിയുടെ പരിസരത്ത് അപകടകരമായി നിലനിന്നിരുന്ന തേക്ക്, പ്ലാവ്, വാക ഇടങ്ങിയ വൻമരങ്ങൾ വെട്ടി മാറ്റി സ്ഥലത്തു നിന്നും നീക്കം ചെയ്ത വകയിൽ 15000/-രൂപ തൊഴിലാളികൾക്ക് നൽകുവാനും മരങ്ങൾ ലേലം ചെയ്യുന്നതിനായി മൂല്യനിർണ്ണയം നടത്തുന്നതിന് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തോട് അഭ്യർത്ഥിക്കുവാനും 14.5.2024 ലെ ഭരണ സമിതി യോഗത്തിൽ 7(1) നമ്പരായി തീരുമാനം എടുക്കുകയും മരം മുറിച്ച് മാറ്റിയ ഇനത്തിലുള്ള കൂലി 15,000/-രൂപ ജിമ്മി ഐസക്ക് എന്ന വ്യക്തിക്ക് വൗച്ചർ നമ്പർ-22400122/17.5.24 പ്രകാരം നൽകുകയും ചെയ്തു. മസ്റ്റർ റോൾ പ്രകാരം, 5 തൊഴിലാളികൾ 2024 മെയ് 11, 12, 13, 14 തീയതികളിൽ പ്രവൃത്തി ചെയ്താണ് മരങ്ങൾ വെട്ടി മാറ്റിയത്. പ്രസ്തുത മരങ്ങളുടെ മൂല്യനിർണ്ണയം നടത്തി ആയത് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 25/02.11.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 2024-25 വർഷത്തെ ധനകാര്യ പത്രികയിലെ 15010110-Receipts From Sale Of Timber എന്ന ഹെഡ് പ്രകാരം പ്രസ്തുത മരങ്ങളുടെ ലേലം നടത്തിയ വകയിൽ തുകയൊന്നും ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടില്ല. സോഷ്യൽ ഫോറസ്ട്രി വിഭാഗം ലഭ്യമാക്കിയ, മരങ്ങളുടെ മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ്, മരങ്ങൾ ലേലം ചെയ്തു നൽകിയത് സംബന്ധിച്ച്, ലേലം നോട്ടീസ്, ലേല ഡയറി, 18% ജി.എസ്.ടി.അടക്കം ലേല തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-19 ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ 36 സെന്റ് സ്ഥലം സർക്കാർ അനുമതി കൂടാതെ സൗജന്യമായി 8 പേർക്ക് ആധാരം ചെയ്ത് നൽകി

കൂത്താട്ടുകുളം സബ് രജിസ്ട്രാർ ഓഫീസിലെ 29.3.2004 ലെ 596/I/2004 നമ്പർ ആധാരം പ്രകാരം ഇലഞ്ഞി വില്ലേജ് സർവ്വേ നമ്പർ 370/8-A-2 ലെ 20 ആർ 23 ചതുരശ്ര മീറ്റർ സ്ഥലം (50 സെന്റ്)ഇടത്തൊട്ടിയിൽ ജോണി ഭാര്യ സൂമ ജോണിയിൽ നിന്നും 2,00,000/-രൂപ നൽകി ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയിട്ടുള്ളതും ആയതിൽ 14 ആർ 56 ച.മീ. സ്ഥലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പോക്കുവരവ് ചെയ്ത് ലഭിച്ചിട്ടുള്ളതും ഭൂനികുതി അടവാക്കിയിട്ടുള്ളതുമാണ്. ഇലഞ്ഞി ഗ്രാമപഞ്ചായത്ത് പതിമൂന്നാം വാർഡിൽ ഉൾപ്പെട്ട പ്രസ്തുത 20 ആർ 23 ചതുരശ്ര മീറ്റർ സ്ഥലത്തിൽ ഉൾപ്പെട്ടതും സെക്രട്ടറിയുടെ പേരിൽ പോക്കുവരവ് ചെയ്തു ലഭിച്ചതുമായ 14 ആർ 56 ച.മീ. (35.96 സെന്റ്) സ്ഥലത്ത് മില്ലുംപടി പുത്തൻകോളനി നിവാസികളായ 8 കുടുംബങ്ങൾ വർഷങ്ങളായി വീട് വെച്ച് താമസമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലത്തിൽ 4 സെന്റ് വീതം (1 ആർ 62 ച.മീ.)ടി വ്യക്തികൾക്ക് ആധാരം ചെയ്ത് നൽകുന്നതിന് 11.9.2024 ലെ ഭരണസമിതി യോഗത്തിൽ 4(1) നമ്പരായി തീരുമാനം എടുത്തു. ഫയൽ പ്രകാരം, ജനറൽ, എസ്.സി. വിഭാഗങ്ങളിൽ ഉൾപ്പെട്ടവരാണ് ഈ വ്യക്തികൾ. ഗുണഭോക്താക്കളിൽ ഒരാളായ ജോർജ്ജ് കെ.പി., തൊട്ടുവേലിൽ, പെരുമ്പടവം എന്നയാൾ മരണപ്പെട്ടതിനാൽ ഏകമകളും അനന്തരാവകാശിയുമായ ജിസ ജോർജിന്റെ പേരിൽ സ്ഥലം ആധാരം ചെയ്ത് നൽകുന്നതിന് 27.11.2024 ലെ ഭരണസമിതി യോഗത്തിൽ 11(14) നമ്പരായും തീരുമാനം എടുത്തു. പ്രസ്തുത വ്യക്തികൾ ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള വീടുകൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതും റേഷൻ കാർഡ്, ആധാർ കാർഡ് ഇടങ്ങിയവ ലഭിച്ചിട്ടുള്ളതുമാണ്. ഗ്രാമപഞ്ചായത്ത് വക പുരയിടം മേൽ സൂചിപ്പിച്ച ഭരണ സമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. തോമസ് ഉമ്മൻ 8 വ്യക്തികളുടെ പേരിൽ 06.12.24 ൽ ദാനമായി എഴുതി നൽകി. ശേഷം 03.01.2025 ൽ ടി വ്യക്തികളുടെ പേരിൽ വില്ലേജ് രേഖകളിൽ സ്ഥലം പോക്കുവരവ് ചെയ്ത് ലഭിക്കുകയും ഭൂനികുതി അടവാക്കുകയും ചെയ്തു. 14.56 ച.മീ. സ്ഥലത്തിൽ 12.96 ച.മീ.സ്ഥലം ആധാരം ചെയ്തു നൽകിയതിനു ശേഷം 1 ആർ 6 ച.മീ. സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽ തന്നെ നിലനിൽക്കുന്നുണ്ട്.

സ്ഥലം ആധാരം ചെയ്ത് ലഭിച്ച വ്യക്തികളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/മേൽ വിലാസം | സഞ്ചയ പോർട്ടൽ പ്രകാരം വീടിന്റെ നമ്പർ | 06.12.2024 ൽ സ്ഥലം കൈമാറ്റം ചെയ്ത ആധാരം നമ്പർ (സബ് രജിസ്ട്രാർ ഓഫീസ്,കൂത്താട്ടുകുളം) | ആധാരം ചെയ്ത് ലഭിച്ച സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | ഇ.എ. ബാബു, ഇടക്കരിയിൽ, പെരുമ്പടവം | 13/210 | 1584/I/2024 | 1 ആർ 62 ച.മീ. |
| 2 | ജോസഫ് സി.ജെ., താന്നിക്കുഴി, പെരുമ്പടവം | 13/208 | 1585/I/2024 | 1 ആർ 62 ച.മീ. |
| 3 | ജിസ ജോർജ് കവലക്കാടൻ കാലടി, കൈപ്പട്ടൂർ | 13/211 | 1586/I/2024 | 1 ആർ 62 ച.മീ. |
| 4 | ജോർജ്, ഇടക്കരിയിൽ, പെരുമ്പടവം | 13/206 | 1587/I/2024 | 1 ആർ 62 ച.മീ. |
| 5 | മേരി ഫിലിപ്പ്, ആലാട്ടുകണ്ടത്തിൽ | 13/207 | 1588/I/2024 | 1 ആർ 62 ച.മീ. |
| 6 | ബ്രിജീത്ത തോമസ്, വട്ടക്കുന്നേൽ, പെരുമ്പടവം | 13/204 | 1589/I/2024 | 1 ആർ 62 ച.മീ. |
| 7 | മറിയക്കുട്ടി, ചിറയിൽ, പെരുമ്പടവം | 13/209 | 1590/I/2024 | 1 ആർ 62 ച.മീ. |
| 8 | അന്ന എ.പി., കൊട്ടാംപുറത്തേൽ, പെരുമ്പടവം | 13/205 | 1591/I/2024 | 1 ആർ 62 ച.മീ. |

ഗ്രാമപഞ്ചായത്ത് 200000/- രൂപ കൊടുത്ത് 2004 ൽ വിലയ്ക്ക് വാങ്ങിയ 50 സെന്റ് സ്ഥലത്തിൽ ഉൾപ്പെട്ട 32 സെന്റ് സ്ഥലം 8 പേർക്ക് ദാനമായി നൽകിയതു സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3പ്രകാരം ഒരു പഞ്ചായത്തിന് അതിന്റെ അതിർത്തി പ്രദേശത്തിനുള്ളിൽപ്പെട്ടതോ പുറത്തുള്ളതോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽ മൂലമോ അല്ലാതെയോ ഏതെങ്കിലും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടി ആർജിക്കാവുന്നതും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടി അതിന്റെ ഏതൊരു വസ്തുവും വിൽപ്പന മുഖാന്തിരമോ മറ്റു വിധത്തിലോ കയ്യൊഴിക്കാവുന്നതുമാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം പഞ്ചായത്തിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടു കൂടി അതിന്റെ വകയായ ഏതൊരു വസ്തുവും വില്പന മൂലം കൈമാറ്റം ചെയ്യാവുന്നതും അപ്രകാരമുള്ള കൈമാറ്റം ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം-II(വില്പന വഴിയുള്ള കൈമാറ്റം) ന് അനുബന്ധമായിരിക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച ചട്ടങ്ങൾ പ്രകാരം, ഗ്രാമപഞ്ചായത്ത് വാങ്ങിയ ഭൂമി സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടിയല്ലാതെ കൈമാറാൻ സാധിക്കുന്നതല്ല. ഫോറം II പ്രകാരം വില്പന വഴി മാത്രമേ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കുകയുള്ളൂ.ഇവിടെ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾക്ക് വിരുദ്ധമായി ഭരണ സമിതി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ആസ്തി സകല ക്രയവിക്രയ അവകാശങ്ങളോടും കൂടി ദാനമായി ആധാരം ചെയ്തു നൽകുകയാണ് ചെയ്തത്.

2) പ്രസ്തുത സർവ്വേ നമ്പരിലെ വസ്തുവിന് സർക്കാർ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം ആർ ഒന്നിന് 31700/-രൂപയായി വില പുനർനിശ്ചയിച്ചിട്ടുള്ളത് കണക്കാക്കി 1.62 ച.മീ സ്ഥലത്തിന് 51400/-രൂപ മതിപ്പ് വില കണക്കാക്കി അതനുസരിച്ച് 4200/-രൂപയാണ് ആധാരത്തിന് മുദ്രവില ചുമത്തിയിട്ടുള്ളത്. 8 ആധാരങ്ങളിലും ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഫെയർ വാല്യൂ പ്രകാരം, ഒരു ആറിന് 31700/-രൂപ നിരക്കിൽ 12.96 ആറിന്(1.62 ആർ X 8) മതിപ്പ് വില വരുന്നത് 4,10,832/-രൂപയാണ്. മാർക്കറ്റ് നിരക്ക് ഈ തുകയേക്കാളും കൂടാൻ സാധ്യതയുണ്ട് എന്നിരിക്കെയാണ് ഗ്രാമപഞ്ചായത്ത് സൗജന്യമായി ഭൂമി ആധാരം ചെയ്തു നൽകിയത്.

3) ഇലഞ്ഞി വില്ലേജിലെ 370/8 എ സർവ്വേ നമ്പരിലുള്ള പ്രസ്തുത 20 ആർ 23 ച.മീ വസ്തു വകകൾ വാർഡ് 13ലെ പള്ളിക്കുന്ന് കോളനിയിലെ 8 കുടുംബങ്ങൾക്ക് എട്ട് പ്ലോട്ടുകളായി വിഭജിച്ച് താല്ക്കാലിക താമസത്തിനായി

ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ വസ്തുവിൽ ഏതു നിയമ പ്രകാരമാണ് താല്ക്കാലിക താമസത്തിന് അനുവാദം നൽകിയതെന്ന് വ്യക്തമല്ല. സ്ഥലത്ത് കോളനി നിവാസികൾക്ക് ഭവനം നിർമ്മിക്കാൻ ഗ്രാമപഞ്ചായത്ത് അനുമതി പത്രിക നൽകാൻ തീരുമാനിച്ചത് ജില്ല കളക്ടർ, തഹസിൽദാർ എന്നിവരുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തുമായി ചർച്ച നടത്തിയതിനു ശേഷമാണെന്ന് ഇതു സംബന്ധിച്ച് നൽകിയ 16/01.11.25 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സെക്രട്ടറി സൂചിപ്പിച്ചത്. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയില്ല. താല്ക്കാലികമായി താമസത്തിന് അനുവാദം കൊടുത്തതിനു ശേഷം ഗ്രാമപഞ്ചായത്ത് 8 വീടുകൾക്കും നമ്പർ നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

4) താമസക്കാരായ 8 വ്യക്തികളും സ്ഥലത്തിന് പട്ടയം ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നൽകിയ അപേക്ഷകൾ ഫയലിൽ ഉണ്ട്. പട്ടയം ലഭിക്കുന്നതിനായി അപേക്ഷ നൽകിയവർക്കാണ് ഭൂമി സൗജന്യമായി ആധാരം ചെയ്തു നൽകിയത്. സർക്കാരിന്റെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം, Occupied Land ൽ പട്ടയം ലഭിക്കുന്ന സംഗതികളിൽ 25 വർഷത്തേക്ക് ഭൂമി കൈമാറ്റം നടത്താൻ സാധിക്കുകയില്ല. ഇവിടെ ഗ്രാമപഞ്ചായത്ത് ഭൂമി കൈമാറിയത് തുടർ വില്പന സംബന്ധിച്ച് യാതൊരു വ്യവസ്ഥകളും വെയ്ക്കാതെയാണ്. സർക്കാരിന്റെ വിവിധ ഭവന പദ്ധതികൾ മുഖേന ലഭിക്കുന്ന വീടുകൾ പോലും 12 വർഷങ്ങൾക്ക് ശേഷമേ വില്പന നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥ നിലനിൽക്കെയാണ് വില്പന സംബന്ധിച്ച് വ്യവസ്ഥയൊന്നും വെയ്ക്കാതെ ഗ്രാമപഞ്ചായത്ത് സ്ഥലം സൗജന്യമായി ആധാരം ചെയ്തു നൽകിയത്. സൗജന്യമായി സ്ഥലം ലഭിച്ച വ്യക്തികൾ ആയത് വില്പന നടത്തുന്നതിനുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നു.

5) 13/211 നമ്പർ വീട്ടിൽ താമസക്കാരനായിരുന്ന ജോർജ് കെ.പി., തൊട്ടുവേലിൽ വീട് എന്ന വ്യക്തി 12.11.2024 ൽ മരണപ്പെട്ടതിനാൽ ടി വ്യക്തിയുടെ മകൾ ശ്രീമതി ജിസ ജോർജിന്റെ പേരിലാണ് സ്ഥലം ആധാരം ചെയ്തു നൽകിയത്(മേൽ പട്ടികയിലെ ക്രമ നമ്പർ 3). ശ്രീമതി ജിസ ജോർജ് വിവാഹ ശേഷം ഭർതൃഗൃഹത്തിൽ താമസിക്കുന്ന വ്യക്തിയാണ്. ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ, മരണപ്പെട്ട വ്യക്തിയുടെ ഏക അവകാശി ടി വ്യക്തിയാണെന്ന് നോട്ടറി (അഡ്വ.ജോബിൻ വർഗീസ് )സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റിന്റെ അടിസ്ഥാനത്തിലാണ് ടി വ്യക്തിക്ക് സ്ഥലം ആധാരം ചെയ്ത് നൽകിയത്. മരണപ്പെട്ട വ്യക്തിയുടെ അനന്തരാവകാശിക്ക് സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥലം സൗജന്യമായി കൈമാറിയ ഗ്രാമപഞ്ചായത്തിന്റെ നടപടി ക്രമവിരുദ്ധമാണ്. ഇവിടെ ശ്രീമതി ജിസ ജോർജ് പ്രസ്തുത വീട്ടിലെ താമസക്കാരിയുമല്ല.

6) 2004 ൽ ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ 20 ആർ 23 ച.മീ. സ്ഥലത്തിൽ 5.67 ച.മീ. സ്ഥലം(14 സെന്റ്) സെക്രട്ടറിയുടെ പേരിൽ പോക്കുവരവ് ചെയ്തു ലഭിച്ചിട്ടില്ല. ടി ഭൂമി കൂടി പോക്കുവരവ് ചെയ്ത് നൽകണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് മൂവാറ്റുപുഴ തഹസിൽദാർക്ക് 05.9.2024 ൽ എ2-2013/2024 നമ്പരായി സെക്രട്ടറി നൽകിയ കത്ത് ഫയലിൽ ഉണ്ട്. 2024-25 വർഷം സ്ഥലം പോക്കുവരവ് ചെയ്ത് ഭൂനികുതി അടവാക്കിയിട്ടില്ല. 20 ആർ 23 ച.മീ. സ്ഥലം മുഴുവനായും കോളനി നിവാസികൾക്ക് താല്ക്കാലിക താമസത്തിന് മുൻപ് അനുമതി നൽകിയിട്ടുള്ളതാണോയെന്ന് വ്യക്തമല്ല. ടി സ്ഥലം നിലവിൽ ആരുടെ ഉപയോഗത്തിലാണെന്നും വ്യക്തതയില്ല. 5.67 ച.മീ.സ്ഥലം സെക്രട്ടറിയുടെ പേരിൽ പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനു തുടർനടപടി സ്വീകരിക്കേണ്ടതും പ്രസ്തുത സ്ഥലം അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് സ്വകാര്യ വ്യക്തിയിൽ നിന്നും വിലയ്ക്ക് വാങ്ങിയ സ്ഥലം സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെയും തുടർ വില്പന സംബന്ധിച്ച് യാതൊരു വ്യവസ്ഥയും ആധാരത്തിൽ ഉൾപ്പെടുത്താതെയും സൗജന്യമായി കൈമാറ്റം ചെയ്ത നടപടി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. സ്ഥലം സൗജന്യമായി ആധാരം ചെയ്തു നൽകാൻ തീരുമാനമെടുത്ത ഭരണ സമിതി അംഗങ്ങളും (11.9.2024 ലെയും 27.11.2024 ലെയും ഭരണ സമിതി യോഗങ്ങളിൽ പങ്കെടുത്തവർ)ഭരണ സമിതി തീരുമാനങ്ങളിൽ വിയോജനം രേഖപ്പെടുത്താതെ സ്ഥലം സൗജന്യമായി ആധാരം ചെയ്ത് നൽകിയ സെക്രട്ടറിയും ഇക്കാര്യത്തിൽ ഒരു പോലെ കുറ്റക്കാരാണ്. ഇത് സംബന്ധിച്ച് വിശദമായ മേൽ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-20 നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചില്ല- 3,20,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

2024-25 വർഷം കേരള വാട്ടർ അതോറിറ്റിക്ക് ചുവടെ ചേർക്കുന്ന പ്രൊജക്ട് പ്രകാരം നിക്ഷേപ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പേരും | ഫണ്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം./തീയതി |
|---|---|---|---|---|---|
| 1 | 180/25(സ്പിൽ ഓവർ) വിവിധ വാർഡുകളിൽ സി.എഫ്.സി.ടൈഡ് കുടിവെള്ള പൈപ്പ് ലൈൻ ഗ്രാന്റ് നീട്ടൽ | | 515081/- | 320000/- | 22400984/28.02.25 |

ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മുകളേൽതട്ട് കുടിവെള്ള പദ്ധതിയിൽ ഡിസ്ട്രിബ്യൂഷൻ ലൈനുകളും ഓവർഹെഡ് ലൈനുകളും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് വാൽവ് വെയ്ക്കുന്ന പ്രവൃത്തിയ്ക്ക് വേണ്ടിയാണ് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം തുക നൽകിയത്. പ്രവൃത്തി പൂർത്തീകരിച്ച് ധന വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 21/02.11.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 3,20,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-21 ഡി.ടി.പി.സി.യുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള കുരുമല വ്യൂ പോയിന്റിൽ പ്ലാൻ ഫണ്ട് ചെലവഴിച്ച് കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിച്ചു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 192/25 |
| പ്രൊജക്ടിന്റെ പേര് | കുരുമല ടൂറിസം പദ്ധതി കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 100000/-(പൊതുവിഭാഗം വികസന ഫണ്ട് ) |
| ചെലവ് | 100000/-(ബിൽ നമ്പർ- 458/13.3.25) |

പ്രൊജക്ട് പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിൽ, എറണാകുളം ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള കുരുമല വ്യൂ പോയിന്റിൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 1,00,000/-രൂപ ചെലവഴിച്ച് കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിച്ചു. GeM പോർട്ടൽ മുഖേന സൺബീം, വടവാതൂർ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നാണ് 2025 മാർച്ച് മാസത്തിൽ ചുവടെ ചേർക്കുന്ന കളിയുപകരണങ്ങൾ വാങ്ങിയത്.

| ഇൻവോയിസ് നം/തീയതി | വാങ്ങിയ ഉപകരണം | എണ്ണം | തുക |
|---|---|---|---|
| SUN01487/2024-25/11.3.25 | ഔട്ട്ഡോർ സ്വിംഗ്(ഫ്രീ സ്റ്റൂൾ ) | 1 | 30,000/- |
| SUN01486/2024-25/11.3.25 | മെറിഗോ റൗണ്ട്-4 സീറ്റർ | 1 | 44,000/- |
| SUN01488/2024-25/11.3.25 | ഔട്ട്ഡോർ സ്വിംഗ്(ഫ്രീസ്റ്റൂൾ)- 2 സീറ്റർ | 1 | 26,000/- |
| | ആകെ | 3 | 1,00,000/- |

എറണാകുളം ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള വിനോദ സഞ്ചാര കേന്ദ്രമാണ് കുരുമല വ്യൂ പോയിന്റ്. ധാരാളം വിനോദ സഞ്ചാരികൾ സന്ദർശിക്കുന്ന കുരുമലയിൽ പ്രവേശനത്തിനായി ഡി.ടി.പി.സി. ഫീസ് ഈടാക്കുന്നുണ്ട്. പ്രവേശന ഫീസ് വഴിയുള്ള വരുമാനം പൂർണ്ണമായും ഡി.ടി.പി.സിക്ക് ആണ് ലഭിക്കുന്നത്. പ്രസ്തുത വിനോദ സഞ്ചാരകേന്ദ്രത്തിൽ വേസ്റ്റ് ബിന്നുകൾ, ദിശ സൂചികകൾ എന്നിവ സ്ഥാപിക്കുന്നതിനായി തനതു ഫണ്ടിൽ നിന്നും തുക ഗ്രാമപഞ്ചായത്ത് 2024-25 വർഷം തുക ചെലവഴിച്ചിട്ടുണ്ട്. ഇതു കൂടാതെ കുരുമലയിൽ മുൻവർഷങ്ങളിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന് കുരുമല വിനോദ സഞ്ചാര പദ്ധതിയിൽ നിന്നും യാതൊരു വരുമാനവും ലഭിക്കുന്നില്ല. കുരുമലയിൽ ലഭിക്കുന്ന വരുമാനത്തിൽ നിന്നും ചെലവുകൾ കുറച്ച് ബാക്കി വരുന്ന തുകയുടെ 20% വരുന്ന തുക ഗ്രാമപഞ്ചായത്തിന് നൽകാൻ ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ സമ്മതിച്ചിട്ടുണ്ടെന്നും വരുമാന വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്ത് അറിയിച്ചതായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13 ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെയായും കുരുമലയിൽ നിന്നുള്ള വരുമാന വിഹിതം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

കുരമല വിനോദ സഞ്ചാര കേന്ദ്രം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഉൾപ്പെടാത്തതും യാതൊരു വരുമാനവും ആയതിൽ നിന്നും നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭിക്കാത്തതുമാണ്. പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന പ്രദേശമല്ല. ഓഡിറ്റിൽ ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ കുരമല ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിലാണ് ഒരു ലക്ഷം രൂപ പ്ലാൻ ഫണ്ട് ചെലവഴിച്ച് കളിയുപകരണങ്ങൾ വാങ്ങി കുരമലയിൽ സ്ഥാപിച്ചത്. തനത് വരുമാനം താരതമ്യേന കുറഞ്ഞ ഗ്രാമപഞ്ചായത്തിൽ ജനക്ഷേമകരമായ പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുന്നതിന് ഫണ്ട് തികയാത്ത സാഹചര്യത്തിലാണ് പദ്ധതിപ്പണം ചെലവഴിച്ച് കളിയുപകരണങ്ങൾ വാങ്ങിയത്. ഡി.ടി.പി.സി. കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടതായി രേഖയില്ല. ഇത് സംബന്ധിച്ച് 2024-25 വർഷം ഭരണസമിതി യാതൊരു തീരുമാനവും എടുത്തിട്ടില്ല. പദ്ധതി രൂപീകരണം ഗ്രാമസഭയിലോ, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലോ, വികസന സെമിനാറിലോ കളിയുപകരണങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ചർച്ച നടന്നിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 17/01.11.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കാത്തതുമായ വിനോദസഞ്ചാര പദ്ധതിക്ക വേണ്ടി പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 1,00,000/-രൂപ ചെലവഴിച്ചത് ശരിയായ നടപടിയല്ല. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത കാര്യങ്ങൾക്കായി പദ്ധതിപ്പണം ചെലവഴിക്കുന്നത് പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമല്ല. ഈ സാഹചര്യത്തിൽ 1,00,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ വാഗ്ദാനം ചെയ്തിട്ടുള്ള വരുമാന വിഹിതം ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ടി.എച്ച്.ആർ.എസ്- പർച്ചേസ് ബില്ലുകളിൽ 2 ശതമാനം ജി.എസ്.ടി. ടി.ഡി.എസ് കുറവ് ചെയ്തില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ, പേര് | 73/25<br>അങ്കണവാടി പോഷകാഹാരം- ജനറൽ | 74/25<br>അങ്കണവാടി പോഷകാഹാരം- എസ്.സി |
| അടങ്കൽ | ₹2712986/-<br>(₹507904/-വികസന ഫണ്ട്-പൊതുവിഭാഗം, ₹692096/- ധനകാര്യ കമ്മീഷൻ അവാർഡ്, ₹1512986/- ഐ.സി.ഡി.എസ്-കേന്ദ്ര വിഹിതം) | ₹331412/-<br>(₹200000/-വികസന ഫണ്ട്-എസ്.സി.പി., ₹131412/- ഐ.സി.ഡി.എസ്-കേന്ദ്ര വിഹിതം) |
| ചെലവ് | ₹1304688/-<br>(₹507904/-വികസന ഫണ്ട്-പൊതുവിഭാഗം, ₹175431/- ധനകാര്യ കമ്മീഷൻ അവാർഡ്, ₹621353 ഐ.സി.ഡി.എസ്-കേന്ദ്ര വിഹിതം) | ₹260361/-<br>(₹200000/-വികസന ഫണ്ട്-പൊതുവിഭാഗം, ₹60361 ഐ.സി.ഡി.എസ്-കേന്ദ്ര വിഹിതം) |
| നിർവഹണോദ്യോഗസ്ഥ | ഐ സി ഡി എസ്. സൂപ്പർവൈസർ | ഐ സി ഡി എസ്. സൂപ്പർവൈസർ |

ജി.എസ്.ടി. ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം, 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 8.3.19 ലെ നം. ഡി.എ 1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ്. ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വനിതാ ശിശു വികസന ഡയറക്ടർ പ്രോഗ്രാം ഓഫീസർമാർക്ക് 18.8.21ന് അയച്ച ഐസിഡിഎസ് ബി3/ 13220/21 നമ്പർ കത്തിൽ അമൃതം ന്യൂട്രിമിക്സിന് 5% ജി.എസ്.ടി. ഉൾപ്പെടെയാണ് 73.5 രൂപ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.എസ്.ടി. ഒഴിവാക്കുന്നതിൽ കേന്ദ്രസർക്കാരിൽ നിന്നുള്ള സ്പഷ്ടീകരണം ലഭ്യമാകുന്നതുവരെ ജി.എസ്.ടി. ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകളിന്മേൽ അമൃതം ഫുഡ് സപ്ലിമെന്റ്, രാമമംഗലം (GSTIN-32AADAA9173E1ZO) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ഉത്പന്നം | ഇൻവോയ്സ് നം. | തീയതി | തുക(₹) |
|---|---|---|---|---|
| 1 | അമൃതം ഫുഡ് സപ്ളിമെന്റ് | 145 | 27.03.24 | 49617 |
| 2 | അമൃതം ഫുഡ് സപ്ളിമെന്റ് | 171 | 30.05.24 | 37324 |
| 3 | അമൃതം ഫുഡ് സപ്ളിമെന്റ് | 191 | 15.07.24 | 48052 |
| 4 | അമൃതം ഫുഡ് സപ്ളിമെന്റ് | 209 | 24.08.24 | 48499 |
| 5 | അമൃതം ഫുഡ് സപ്ളിമെന്റ് | 219 | 12.09.24 | 49170 |
| 6 | അമൃതം ഫുഡ് സപ്ളിമെന്റ് | 234 | 16.10.24 | 48276 |
| 7 | അമൃതം ഫുഡ് സപ്ളിമെന്റ് | 64 | 04.12.24 | 46041 |
| 8 | അമൃതം ഫുഡ് സപ്ളിമെന്റ് | 78 | 10.01.25 | 44700 |
| 9 | അമൃതം ഫുഡ് സപ്ളിമെന്റ് | 95 | 15.02.25 | 41794 |
| 10 | അമൃതം ഫുഡ് സപ്ളിമെന്റ് | 126 | 19.03.25 | 37548 |
| | | ആകെ തുക | | 451021 |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾ പ്രകാരം പണം നൽകിയ വേളയിൽ 2% ടി.ഡി.എസ്. ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11, തീയതി 31.10.25), ബില്ലുകൾ യഥാസമയം മാറി നൽകേണ്ടതിനാലാണ് തുക ന്യൂട്രിമിക്സ് യൂണിറ്റിന് നൽകിയതെന്നും സ്ഥാപനം ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യാറുണ്ടെന്നും മറുപടി ലഭ്യമാക്കി. ഇൻവോയ്സ് പ്രകാരമുള്ള തുക അനുവദിക്കുന്നതിനുമുൻപ് 2% ജി.എസ്.ടി. സ്രോതസിൽ നിന്നും കുറവ് ചെയ്ത് ഗ്രാമപഞ്ചായത്ത് മുഖേന സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-23 തീർപ്പാക്കാത്ത കേസുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ കാലികമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് കക്ഷിയായ വിവിധ കേസുകളുടെ വിവരം കാണിക്കുന്ന സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സ്യൂട്ട് രജിസ്റ്റർ അപൂർണ്ണമായതിനാൽ നിലവിൽ ഗ്രാമപഞ്ചായത്ത് കക്ഷിയായ എത്ര കേസുകൾ ഏതെല്ലാം കോടതികളിൽ നിലവിലുണ്ടെന്നും ഓരോ കേസിന്റെയും തൽസ്ഥിതി എന്താണെന്നും അറിയാൻ സാധിക്കുന്നില്ല. തീർപ്പാക്കിയ കേസുകൾ സ്യൂട്ട് രജിസ്റ്ററിൽ ക്ലോസ് ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല. വക്കീൽ ഫീസ് നൽകിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ വർഷങ്ങളായി നിലനിൽക്കുന്ന കേസുകളിൽ മുൻകാലങ്ങളിൽ നൽകിയ തുകകളുടെ വിവരം അറിയാൻ സാധിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് / സെക്രട്ടറി കക്ഷിയായി നിലവിൽ വിവിധ കോടതികളിൽ നിലവിലുള്ള കേസുകളുടെ നമ്പർ/കോടതി, കേസിന്റെ സംക്ഷിപ്ത വിവരം, കേസ് ഫയൽ ചെയ്ത തീയതി, വക്കാലത്ത് നൽകിയ അഡ്വക്കേറ്റിന്റെ പേര്, നാളിതു വരെ നൽകിയ വക്കീൽ ഫീസ്, നിലവിൽ കേസിന്റെ സ്ഥിതി എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ കാലികമാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കുവാൻ നിർദേശിച്ച് കൊണ്ട് നൽകിയ 18/01.11.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ സ്യൂട്ട് രജിസ്റ്റർ കാലികമാക്കി ഹാജരാക്കുകയോ ചെയ്തില്ല. വിശദാംശങ്ങൾ ഉൾപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-24 മാവേലി സ്റ്റോറിന്റെ പ്രതിമാസ വാടക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നത് - അപാകതകൾ

മുതലാലപുരം സെന്റ് സെബാസ്റ്റ്യൻസ് പള്ളി വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക മാവേലി സ്റ്റോറിന്റെ വാടക പ്രതിമാസം 4900/-രൂപ വീതം അസി.എൻജിനീയറുടെ വാടക നിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2024 സെപ്റ്റംബർ മാസം മുതൽ തനത് ഫണ്ടിൽ നിന്നും സെന്റ് സെബാസ്റ്റ്യൻസ് പള്ളിക്ക് നൽകി വരുന്നുണ്ട്. സ.ഉ.(സാധാ)നം.587/2022/എൽ.എസ്.ജി.ഡി./10.3.2022 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപന പരിധിയിൽ പുതിയതായി ആരംഭിക്കുന്ന രണ്ട് മാവേലി സ്റ്റോറുകളുടെ പ്രതിമാസ വാടക മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. എന്നാൽ നിലവിലുണ്ടായിരുന്നതും വിറ്റു വരവിന്റെ കുറവു മൂലം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിർത്തലാക്കാൻ തീരുമാനിച്ച മാവേലി സ്റ്റോറിന്റെ വാടകയാണ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ

നിന്നും തുടർന്ന് നൽകുവാൻ തീരുമാനിച്ചത്.

സപ്ലൈകോ മൂവാറ്റുപുഴ ഡിപ്പോയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന മുത്തോലപുരം മാവേലി സ്റ്റോറിന്റെ ജീർണ്ണാവസ്ഥയും പ്രതിമാസ വിറ്റുവരവിന്റെ ഗണ്യമായ കുറവും മൂലം മാവേലി സ്റ്റോറിന്റെ പ്രവർത്തനം നിർത്തലാക്കുന്നതിനും സ്റ്റോക്ക് തിട്ടപ്പെടുത്തി ആയത് ഡിപ്പോയിലേക്കോ മറ്റ് വില്പന ശാലകളിലേക്കോ മാറ്റുന്നതിനും ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും മേൽ നിർദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് മൂവാറ്റുപുഴ സപ്ലൈകോ ഡിപ്പോ മാനേജർ മുത്തോലപുരം മാവേലി സ്റ്റോർ ഓഫീസർ-ഇൻ-ചാർജിന് 30.5.24 ൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് ഭരണ സമിതി 29.6.24 ലെ 2(I) നമ്പർ തീരുമാനം പ്രകാരം മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക തനത് ഫണ്ടിൽ നിന്നും തുടർന്ന് നൽകാൻ തീരുമാനിച്ചത്. മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കാലത്തോളം കെട്ടിട വാടക നൽകാൻ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് തയ്യാറാണെന്നും മാവേലി സ്റ്റോർ നിർത്തലാക്കുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് എ2/1569/2024, തീയതി 27.8.2024 നമ്പരായി സെക്രട്ടറി സപ്ലൈകോ ഡിപ്പോ മാനേജർക്ക് കത്തു നൽകിയെങ്കിലും ആയതിനു മറുപടി ലഭിച്ചിട്ടില്ല.

മാവേലി സ്റ്റോർ നിർത്തലാക്കുന്നതിനുള്ള തീരുമാനം സിവിൽ സപ്ലൈസ് കോർപ്പറേഷൻ റദ്ദ് ചെയ്ത്, സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക തുടർന്ന് നൽകുവാൻ ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടില്ല. ഇപ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും യാതൊരു അറിയിപ്പും ലഭ്യമാകാതെ തന്നെ കെട്ടിട വാടക നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പള്ളി അധികാരികളുമായി കരാർ വെച്ച് വാടക നൽകുകയാണ് ചെയ്തത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത്, സെന്റ് സെബാസ്റ്റ്യൻസ് പള്ളി എന്നീ സ്ഥാപനങ്ങൾ ചേർന്നുള്ള ത്രികക്ഷി കരാർ ആയിരുന്നു വെയ്ക്കേണ്ടിയിരുന്നത്. പ്രതിമാസ വാടക പള്ളി അധികാരികൾക്ക് നൽകണമെന്ന് സപ്ലൈകോ ഡിപ്പോ മാനേജർ/മുത്തോലപുരം മാവേലി സ്റ്റോർ ഓഫീസർ-ഇൻ-ചാർജ് സെക്രട്ടറിക്ക് നൽകുന്ന കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വാടക നൽകേണ്ടിയിരുന്നത്. ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെയാണ് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസ വാടക തുക നൽകി വരുന്നത്. വാടക കരാറിലെ വ്യവസ്ഥ പ്രകാരം പ്രതിവർഷം 5% വാടക വർദ്ധിപ്പിച്ച് നൽകുന്നതിനും ഗ്രാമപഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 24/02.11.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കി. മാവേലി സ്റ്റോറിന്റെ വാടക നൽകുന്നതിന് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തി കൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകിയ കത്ത് ഹാജരാക്കേണ്ടതാണ്. പുതിയതായി ആരംഭിക്കുന്ന മാവേലി സ്റ്റോറിനു മാത്രമേ പ്രതിമാസ വാടക തനത് ഫണ്ടിൽ നിന്നും നൽകാവൂ എന്നിരിക്കെ മുൻകാലം മുതൽ പ്രവർത്തിച്ചു വന്നിരുന്നതും വിറ്റുവരവിൽ ഗണ്യമായ കുറവു മൂലം സപ്ലൈകോ നിർത്തലാക്കാൻ തീരുമാനിച്ചതുമായ മാവേലി സ്റ്റോറിന് വാടക തുടർന്ന് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നത് ഗ്രാമപഞ്ചായത്ത് പുനഃപരിശോധിക്കേണ്ടതാണ്.

## 1-25 ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 17Q 6693 മഹീന്ദ്ര സ്കോർപ്പിയോയുടെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ.ഉ.(പി)നം.803/70/ഫിൻ, തീയതി 13.11.1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഇതിലെ ചട്ടം 33 പ്രകാരം ഓരോ യാത്ര ആരംഭിക്കുന്നതിനു മുൻപും, വാഹനം ഉപയോഗിക്കുന്ന വ്യക്തി സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം, യാത്രോദ്ദേശ്യം തുടങ്ങി ആവശ്യം വേണ്ട വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. യാത്രാവസാനം യാത്ര ചെയ്ത ദൂരവും വ്യക്തിയുടെ ഒപ്പും രേഖപ്പെടുത്തേണ്ടതാണ്. ഓരോ ട്രിപ്പിനും പ്രത്യേകം എൻട്രി നടത്തേണ്ടതാണ്. പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിൽ വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥർ/ജനപ്രതിനിധികൾ ഒപ്പിട്ടിട്ടില്ല. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി യാത്രകൾ ഒന്നും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)ചട്ടം 41 പ്രകാരം ഓരോ തവണയും വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ആകെ അളവ്, ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം

നിറയ്ക്കുമ്പോൾ ഉള്ള ഓഡോമീറ്റർ റീഡിംഗ്, ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും ഒപ്പും എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്കിന്റെ പൂർണ്ണ ശേഷിയിൽ നിറയ്ക്കുവാനാവശ്യമായ ഇന്ധനത്തിന്റെ അളവ്, മുൻപ് ഇന്ധനം നിറച്ചതിനാശേഷം ഓടിയ ദൂരം എന്നിവ വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും ഒരു കിലോമീറ്ററിന് വേണ്ടി വരുന്ന യഥാർത്ഥ ഇന്ധന ഉപഭോഗം കണക്കാക്കി ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ ശരാശരി ഇന്ധന ഉപഭോഗവുമായി താരതമ്യം ചെയ്യേണ്ടതുമാണ്. ഇക്കാര്യങ്ങളെല്ലാം ചെയ്ത് പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3) ചട്ടം 3 & 37പ്രകാരം തന്മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും ആകെ യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ്(log Book Summary)ലോഗ് ബുക്കിൽ തന്മാസം അവസാനത്തെ ദിവസം രേഖപ്പെടുത്തേണ്ടതാണെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല.

4) ചട്ടം 3, 43 എന്നിവ പ്രകാരം വാഹനത്തിന്റെ അറ്റകുറ്റപ്പണി സംബന്ധിച്ച് Repair And Maintenance Register സൂക്ഷിച്ചിട്ടില്ല.

5)ജി.ഒ.(എം.എസ്)നം.113/2003/ഫിൻ/24.2.2003 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന വർഷത്തിലൊരിക്കൽ നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. ഇന്ധന ക്ഷമത സർട്ടിഫിക്കറ്റിന്റെ കാലാവധി 05.3.2025 ൽ അവസാനിച്ചിട്ടുള്ളതാണ്. ഇന്ധന ക്ഷമത സർട്ടിഫിക്കറ്റ് പുതുക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ 14/01.11.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിച്ച് ലോഗ്ബുക്ക് സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-26 വിജയഭേരി – അധികനിരക്കിൽ സ്കോളർഷിപ്പ് നൽകി

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2024-25 വർഷം നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 98/25-വിജയഭേരി-എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ (ജി.ഒ.(എം.എസ്) നം.115/22/ത.സ്വ.ഭ.വ /28.5.2022 )യിലെ ഖണ്ഡിക 7.2.4 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന പട്ടികജാതി/പട്ടിക വർഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്. ഇതു പ്രകാരം വിവിധ കോഴ്സുകൾക്ക് നൽകാവുന്ന പരമാവധി ധനസഹായ തുക നിശ്ചയിച്ച് പ്രസ്തുത ഖണ്ഡികയിൽ പട്ടികയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഡി.ഫാം.കോഴ്സിന് പരമാവധി 15,000/-രൂപ മാത്രമേ ധനസഹായം നൽകാൻ സാധിക്കുകയുള്ളൂ. എന്നാൽ ആര്യഘോഷ് ചന്ദ്രൻ എന്ന വിദ്യാർത്ഥിനിക്ക് 20,000/-നൽകി. വിശദാംശങ്ങൾ ഭാഗം-3 ൽ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-27 ലൈഫ് ഭവന നിർമ്മാണം-തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ലൈഫ് ഭവന നിർമ്മാണം (എസ്.സി.), ജനറൽ വിഭാഗങ്ങളിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 4 ഗുണഭോക്താക്കൾ, 2023-24-വർഷം മുൻകൂറായി ₹40,000/- കൈപ്പറ്റിയെങ്കിലും തുടർന്ന് ഭവനനിർമ്മാണം നടത്തിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.09/31.10.2025) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവ് ഉൾപ്പെട്ട പ്രൊജക്ട് | മറുപടി |
|---|---|---|---|
| 1 | ശ്രീ.ശിവൻ കെ.സി, കട്ടച്ചിറ | ലൈഫ് ഭവന നിർമ്മാണം-2020 (എസ്.സി. ) (എസ്0111/24) | ഗുണഭോക്താവിനെതിരെ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 2 | ശ്രീമതി ജോസീന ജോസ് | ലൈഫ് ഭവന നിർമ്മാണം2020 (ജനറൽ ) (എസ്0109/24) | സന്നദ്ധസംഘടനകളുടെ സഹായം ലഭ്യമാകുന്ന മുറയ്ക്ക് ഭവനനിർമ്മാണം ആരംഭിക്കുന്നതാണെന്ന് ഗുണഭോക്താക്കൾ അറിയിച്ചിട്ടുണ്ടെന്നും നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 2026 മാർച്ച് മാസം വരെ പഞ്ചായത്ത് കമ്മിറ്റി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്നും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. |
| 3 | ശ്രീമതി രാജമ്മ | ലൈഫ് ഭവന നിർമ്മാണം2020 (ജനറൽ ) (എസ്0109/24) | |
| 4 | ശ്രീമതി മോളി പോൾ | ലൈഫ് ഭവന നിർമ്മാണം2020 (ജനറൽ ) (എസ്0109/24) | ഗുണഭോക്താവ് 4 സെന്റ് സ്ഥലം സമീപത്തായി വാങ്ങി ഭവന നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചു. |

ക്രമ നമ്പർ 2, 3, 4 പ്രകാരമുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ക്രമ നം.1 ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-28 ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിലേക്ക് അടവാക്കിയില്ല

സർക്കുലർ നം ഡിബി1/7942/സി.ഇ./ത.സ്വ.ഭ.വ. തീയതി 17/08/2017 പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഓൺലൈൻ ആയി ഒടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീസിനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുത്തോലപുരം ശാഖയിലെ 37704489113 നമ്പർ കറന്റ് അക്കൗണ്ടിൽ 19-09-2025 തീയതിയിൽ 209400/-രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക നാളിതുവരെ ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിയിട്ടില്ല. തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/03.11.2025 )തുക തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി. തുക തനത് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പ്രൊജക്ട് തയ്യാറാക്കിയതിലെ അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 2024-25 വർഷം ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ പ്രൊജക്റ്റുകൾ മിക്കവയും തയ്യാറാക്കിയിരിക്കുന്നത് ഒരേ വാർഡിലെ രണ്ടു റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ചേർത്തു വെച്ചാണ്. ഉദാഹരണത്തിന് പെരുമ്പടവം ഒ.എൽ.എച്ച്. കോളനി റോഡ്, പെരുമ്പടവം ജൂബിലി കോളനി റോഡ് (എസ്0020/25) എന്ന പ്രൊജക്ട്. ഇതിൽ പെരുമ്പടവം ഒ.എൽ.എച്ച്. കോളനി റോഡിന്റെ മെയിന്റനൻസും പെരുമ്പടവം ജൂബിലി കോളനി റോഡിന്റെ മെയിന്റനൻസും ഉൾപ്പെടുത്തി. ഈ പ്രൊജക്ടിൽ പെരുമ്പടവം ഒ.എൽ.എച്ച്. കോളനി റോഡിന്റെ ചെയിനേജ് 215.80 മീറ്റർ മുതൽ 574 മീറ്റർ വരെയാണ് പ്രവൃത്തി ചെയ്തിരിക്കുന്നത്. എന്നാൽ ഇതേ റോഡിന്റെ 0 മുതൽ 215.8 മീറ്റർ വരെയുള്ള ചെയിനേജിൽ റോഡ് മെയിന്റനൻസ് പ്രവൃത്തി നടത്തിയിരിക്കുന്നത് പെരുമ്പടവം ഒ.എൽ.എച്ച്. കോളനി റോഡ് പെരുമ്പടവം സി.എസ്.ഐ.പള്ളി റോഡ് ബാക്കി ഭാഗം മെയിന്റനൻസ്(എസ്0124/25) എന്ന പ്രൊജക്ട് മുഖേനയാണ്. ഇത് മുൻ വർഷം മുതൽ തുടർന്ന് വരുന്ന പ്രവൃത്തിയാണ്. ഒരു റോഡിന്റെ മെയിന്റനൻസ് പ്രവൃത്തി രണ്ടു ഭാഗങ്ങളായി വിഭജിച്ച്, മറ്റു രണ്ടു റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ കൂടെ നടപ്പാക്കാതെ ഒരു റോഡിന്റെ മുഴുവൻ മെയിന്റനൻസ് പ്രവൃത്തിയും ഒറ്റ പ്രൊജക്ടായി വിഭാവനം ചെയ്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് പ്രവൃത്തി(എസ് 0164/25) എന്ന പ്രൊജക്ട് സ്പിൽ ഓവർ പ്രൊജക്ടാണ്. 25,75,000/-രൂപയാണ് ഈ പ്രൊജക്ടിന്റെ അടങ്കൽ. 16.03.2024-ൽ ആരംഭിച്ച ഈ പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയായിരിക്കുന്നത് 10.09.2025-ൽ ആണെന്ന് പ്രൊജക്ട് ഫയലുകളിലെ രേഖകളിൽ ഉണ്ട്. ഈ പ്രൊജക്ടിൽ 14 അങ്കണവാടികളുടെ മെയിന്റനൻസാണ് നടപ്പാക്കിയിരിക്കുന്നത്. ആയതിനാലാണ് പ്രൊജക്ട് പൂർത്തീകരിക്കുന്നതിൽ ഇത്രയധികം താമസം വന്നിരിക്കുന്നത്. ഒരു പഞ്ചായത്തിലെ മുഴുവൻ അങ്കണവാടികളുടേയും മെയിന്റനൻസ് പ്രവൃത്തികൾ ഒരു പ്രൊജക്ട് ആയി ചെയ്യാതെ വിഭജിച്ച് ചെയ്തിരുന്നുവെങ്കിൽ ആയത് തൻവർഷം പൂർത്തിയാക്കുവാൻ സാധിക്കുമായിരുന്നു.

മേൽ സൂചിപ്പിച്ച രീതികൾ പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനാൽ ബന്ധപ്പെട്ട പ്രദേശത്തെ ജനങ്ങൾക്ക്/ഗുണഭോക്താക്കൾക്ക് പ്രൊജക്ട് നടപ്പിലാക്കുന്നതുകൊണ്ടുള്ള ഗുണം ലഭിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## I-30 ജൽജീവൻ പദ്ധതി -അവലോകനം

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

### ജൽജീവൻ മിഷൻ - കേരളം

ജൽ ജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക ഇടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

### ജൽജീവൻ മിഷനും - ഇലഞ്ഞി ഗ്രാമ പഞ്ചായത്തും

#### ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ

സ.ഉ.(കൈ)37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി" തയ്യാറാക്കിയതിന്റെ രേഖകൾ പ്രകാരം പദ്ധതി നടപ്പാക്കുന്നതിനായി 35.5 കോടി രൂപ ചെലവുണ്ടാകുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് ആധാരമാക്കിയിരിക്കുന്നത് കേരള വാട്ടർ അതോറിറ്റി ജൽജീവൻ മിഷനുമായി ചേർന്ന് തയ്യാറാക്കിയ ഒരു സർവ്വേ റിപ്പോർട്ടാണ്.

#### നിർവ്വഹണ സഹായ ഏജൻസി

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ നിർവ്വഹണ സഹായ ഏജൻസിയായി നിയോഗിക്കപ്പെട്ടത് ഇടുക്കി കഞ്ഞിക്കുഴി ആസ്ഥാനമായി പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ ഓറിയന്റേഷൻ ആന്റ് റൂറൽ ഡെവലപ്മെന്റ് എന്ന സ്ഥാപനമാണ്(എറണാകുളം ജില്ലാ കുടിവെള്ള ശുചിത്വ മിഷൻ(DWSM) മെമ്പർ സെക്രട്ടറിയുടെ 21.07.2021-ലെ JJM/904/2021 നമ്പർ ഉത്തരവ് പ്രകാരം).

**സ്ഥാപന വിഹിതവും ഗുണഭോക്തൃ വിഹിതവും അടവാക്കിയതിന്റെ വിവരം.**

തനത് വരുമാനം കുറവായതിനാൽ ജൽജീവൻ മിഷൻ പ്രൊജക്ട് പഞ്ചായത്തിൽ നടപ്പാക്കുവാൻ നിർവ്വാഹമില്ലെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.05.2021-ലെ 1-ാം നമ്പർ തീരുമാനം, 28.10.2021-ലെ 3(2) തീരുമാനം എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വ മിഷൻ മെമ്പർ സെക്രട്ടറി, നിർവഹണ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷി കരാറിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പുവച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃവിഹിതവും സ്ഥാപനവിഹിതവും അടവാക്കിയിട്ടില്ല.

**കുടിവെള്ള കണക്ഷൻ ലഭ്യമായതിന്റെ വിവരം.**

ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ ഭാഗമായി എത്ര ഗുണഭോക്താക്കൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ ലഭിച്ചു എന്നത് സംബന്ധിച്ചുള്ള രേഖകൾ ഒന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

## 1-31 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് ഇലഞ്ഞി ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

I. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (i) സബ് സെന്റർ | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ii) പി.എച്ച്.സി. | | ₹229094 + Int: ₹3602 ₹232696 | ₹730000 +Int:₹14385 ₹744385 | ₹305000 +Int: ₹17569 ₹322569 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ് ലെസ്സ് സബ് സെന്റർ, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റർ ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | ₹88981 +Int: ₹1465 ₹90446 | ₹318000 +Int: ₹6478 ₹324478 | ₹505000 +Int: ₹7085 ₹512085 |

കുറിപ്പ്: 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലെത് 23-24 ലും 23-24 ലെത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (II) പി.എച്ച്.സി. | - | ₹39591 | ₹242688 | ₹331035 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | - | ₹114847 | ₹219141 |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.(II) പി.എച്ച്.സി. (320100202) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് നമ്പർ 40860533633 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് നമ്പർ 40860500437 |
|---|---|---|
| മുനിരിപ്പ് | ₹694802 | ₹300077 |
| വരവ് (പലിശ ഉൾപ്പെടെ) | ₹322569 | ₹512085 |
| ആകെ | ₹1017371 | ₹812162 |
| ചെലവ് | ₹331035 | ₹219141 |
| നീക്കിയിരിപ്പ് | ₹686336 | ₹593021 |

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- 10,220/- രൂപ വരവിനത്തിൽ നഷ്ടം

ഇലഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷത്തിൽ സ.ഉ.(സാധാ)നം.1149/2024/LSGD ,തീയതി 27-06-2024 പ്രകാരം പുതുക്കി നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | അർദ്ധവാർഷിക വരുമാനം (₹) | ഈടാക്കേണ്ട തുക (₹) | ഈടാക്കിയ തുക (₹) | രസീത് നം./തീയതി | കുറവ് (₹) |
|---|---|---|---|---|---|---|---|
| 1 | സെന്റ് ഫിലോമിനാസ് പബ്ലിക് സ്കൂൾ | ജയശ്രീ പി. കെ. | 59,868 | 750 | 450 | 1240803015/ 27.02.25 | 300 |
| | | ആൻ ശാലിനി സെബാസ്റ്റ്യൻ | 59, 868 | 750 | 450 | " | 300 |
| | | ടിന്റു പോൾ | 59,868 | 750 | 450 | " | 300 |
| | | ശ്രീകല പി. ആർ. | 55,734 | 750 | 450 | " | 300 |
| | | സിനി ജോൺ | 55,374 | 750 | 450 | " | 300 |
| | | ഹിൽഡ ഏലിയാസ് | 55,734 | 750 | 450 | " | 300 |
| | | രഞ്ജിനി കെ. വി. | 58,494 | 750 | 450 | " | 300 |
| | | സരിത കെ. പീറ്റർ | 55, 734 | 750 | 450 | " | 300 |
| | | സൂസൻ പ്രകാശ് | 55,734 | 750 | 450 | " | 300 |
| | | ബിനി ജോർജ് | 53,742 | 750 | 450 | " | 300 |
| | | രശ്മി എസ്. | 59,868 | 750 | 450 | " | 300 |
| | | ശാരിക സി. ആർ | 53,742 | 750 | 450 | " | 300 |
| | | അശ്വതി വി. നായർ | 53, 742 | 750 | 450 | " | 300 |
| | | ഇന്ദു എസ്. | 53, 742 | 750 | 450 | " | 300 |
| | | ബീന വർഗീസ് | 53, 742 | 750 | 450 | " | 300 |
| | | അനിത എ. എം. | 55,734 | 750 | 450 | " | 300 |
| | | സേതു ലക്ഷ്മി | 55, 734 | 750 | 450 | " | 300 |
| 2 | അസോസിയേറ്റഡ് അഗ്രിഗേറ്റ്സ് മെറ്റൽ ക്രഷർ | ലാലു | 17,100 | 320 | 120 | 1240803841/ 21.03.2025 | 200 |
| | | ചാക്കോ | 18600 | 450 | 180 | " | 270 |
| | | സിബി | 19200 | 450 | 180 | " | 270 |
| | | രാധാകൃഷ്ണൻ | 18900 | 450 | 180 | " | 270 |
| | | പൈലി | 18600 | 450 | 180 | " | 270 |
| | | സാജു | 21900 | 450 | 180 | " | 270 |
| | | അജയകുമാർ | 33000 | 600 | 300 | " | 300 |
| | | ഹരികൃഷ്ണൻ | 19500 | 450 | 180 | " | 270 |
| | | അബ്രഹാം | 29,100 | 450 | 180 | " | 270 |
| | | അജി | 30900 | 600 | 300 | " | 300 |
| 3 | ഇടയൻ അഗ്രിഗേറ്റ്സ് | രാജൻ | 27,000 | 450 | 180 | 1240803272/ 06.03.2025 | 270 |
| | | റോയ് | 27,000 | 450 | 180 | " | 270 |
| | | ഷാജി | 27,000 | 450 | 180 | " | 270 |
| | | ഷൈജു | 24,000 | 450 | 180 | " | 270 |
| | | ബേബി | 24,000 | 450 | 180 | " | 270 |
| | | റെജി | 24,000 | 450 | 180 | " | 270 |
| | | ജിജോ പോൾ | 21,000 | 450 | 180 | " | 270 |
| | | രാഹുൽ | 24,000 | 450 | 180 | " | 270 |
| | | സെയ്തുൽ ഇസ്ലാം | 21,000 | 450 | 180 | " | 270 |
| ആകെ | | | | | | | ₹10,220/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 2/28.10.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, കുറവ് വന്ന തൊഴിൽ നികുതി ജീവനക്കാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കുറവു വന്ന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം

അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിജയഭേരി-അധിക നിരക്കിൽ സ്കോളർഷിപ്പ് നൽകി- 5000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 98/25 |
| പ്രൊജക്ടിന്റെ പേര് | വിജയഭേരി – എസ്. സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | 125000/-(വികസന ഫണ്ട്-എസ്.സി.പി.)<br>125000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>250000/-(ജില്ല പഞ്ചായത്ത് വിഹിതം) |
| ചെലവ് | 96250/-(വികസന ഫണ്ട്-എസ്.സി.പി.)<br>96250/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>192500/(ജില്ല പഞ്ചായത്ത് വിഹിതം) |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ (ജി.ഒ.(എം.എസ്) നം.115/22/ത.സ്വ.ഭ.വ /28.5.2022)യിലെ ഖണ്ഡിക 7.2.4 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്. ഇപ്രകാരം വിവിധ കോഴ്സുകൾക്ക് നൽകാവുന്ന പരമാവധി ധനസഹായ തുക നിശ്ചയിച്ച് പ്രസ്തുത ഖണ്ഡികയിൽ പട്ടികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത, പ്ലസ്ടുവിന് ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സിന് പരമാവധി നൽകാവുന്ന ധനസഹായം 15,000/-രൂപയാണ്. 2024-25 വർഷം തൊടുപുഴ അൽ അസ്ഹർ കോളജ് ഓഫ് ഫാർമസിയിൽ രണ്ടാം വർഷ ഡി.ഫാം.കോഴ്സിന് പഠിച്ചിരുന്ന ആര്യമോൾ ചന്ദ്രൻ, കണിച്ചുകാട്ട് വീട്, മുത്തോലപുരം പി.ഒ, ഇലഞ്ഞി(വാർഡ്-2) എന്ന വിദ്യാർത്ഥിനിക്ക് ഇതനുസരിച്ച് 15,000/-രൂപ സ്കോളർഷിപ്പ് നൽകേണ്ടതിനു പകരം 20,000/-രൂപ പ്രൊജക്ട് പ്രകാരം നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.

| ബിൽ റഫറൻസ് നമ്പർ/തീയതി/ആകെ ബിൽ തുക | വിദ്യാർത്ഥിനി കൈപ്പറ്റിയ തുക | ഫണ്ട് |
|---|---|---|
| 241206520008010494489/17.12.24 / *83750-* | 5000/- | വികസന ഫണ്ട്(എസ്.സി.പി.) |
| 241206520008011384445/06.01.25/83750/- | 5000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 241206520008010663324/19.12.24/167500/- | 10000/- | ജില്ല പഞ്ചായത്ത് വിഹിതം |
| ആകെ കൈപ്പറ്റിയ തുക | 20000/- | |

അധികമായി 5000/-രൂപ നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടു നൽകിയ 15/01.11.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കോഴ്സ് സംബന്ധിച്ച തെറ്റിദ്ധാരണ മൂലമാണ് അധിക തുക നൽകിയതെന്നും അധികമായി കൈപ്പറ്റിയ 5000/-രൂപ ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അസി.സെക്രട്ടറി മറുപടി ലഭ്യമാക്കി. ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുന്നതു വരെ 5000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം അടവാക്കിയതിന്റെ വിവരം

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന

നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 13 | ₹75,000* | ₹68,500 | ₹6,500 | ₹6,500 ഏപ്രിൽ 2025 ൽ ഒടുക്കു വരുത്തി. |

* 13 ജീവനക്കാർ X ₹500 X 6 മാസം = ₹39,000/-

12 ജീവനക്കാർ X ₹500 X 6മാസം = ₹36,000/-

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്തിൽ 01.08.2024മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-25 | 2024-25 വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് കണക്കുകൾ പരിശോധിച്ചത് |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 26328 (*) | സമഗ്ര വാഴകൃഷി, 13/25 | 26328 | 0 |
| | 2024-25 | 31250 | സമഗ്ര നെൽകൃഷി, 11/25 | 31250 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | 171100 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 35/25 | 171100 | 0 |
| | 2024-25 | 300000 | ക്ഷീരസംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് ധനസഹായം നൽകുക, 1/25 | 300000 | 0 |
| | 2024-25 | 96250 | വിജയശ്രീ എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 98/25 | 96250 | 0 |
| | ആകെ | 624928 | | 624928 | 0 |
| ജില്ല പഞ്ചായത്ത് | 2024-25 | 39480 | സമഗ്ര വാഴകൃഷി, 13/25 | 39480 | 0 |
| | 2024-25 | 218750 | സമഗ്ര നെൽകൃഷി, 11/25 | 218750 | 0 |
| | 2024-25 | 160000 | ലൈഫ് ഭവനനിർമ്മാണം 2020 – ജനറൽ, 33/25 | 160000 | 0 |
| | 2024-25 | 480000 | ലൈഫ് ഭവനനിർമ്മാണം 2020 – ജനറൽ (സ്പിൽ ഓവർ), 121/25 | 480000 | 0 |
| | 2024-25 | 80000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 35/25 | 80000 | |
| | 2024-25 | 120000 | ക്ഷീരസംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് ധനസഹായം നൽകുക, 1/25 | 120000 | |
| | 2024-25 | 192500 | വിജയശ്രീ എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 98/25 | 192500 | |
| | 2024-25 | 50000 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ, 127/25 | 50000 | 0 |
| | ആകെ | 1340730 | | 1340730 | 0 |

(*)സമഗ്ര വാഴകൃഷി (പ്രോജക്റ്റ് നമ്പർ-13/25) എന്ന പ്രോജക്റ്റിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 26328/- യഥാർത്ഥത്തിൽ ചെലവായിട്ടുണ്ടെങ്കിലും ബിൽ എടുക്കുന്നതിൽ വന്ന സാങ്കേതിക തകരാറുകൾ മൂലം 17988/- മാത്രമാണ് സുലേഖയിലും വാർഷിക ധനകാര്യപത്രികയിലും ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, സുലേഖ പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവുമായി 8340/- രൂപയുടെ വ്യത്യാസം ഉണ്ട്.

## 4-4 നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം ചുവടെ ചേർക്കുന്ന പ്രകാരം നിക്ഷേപ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി തുക മുൻകൂറായി നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റിന്റെ പേര്/ നമ്പർ | ബിൽ നമ്പർ/തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ /180/25 | 387/15.02.25 | ₹320000 | 0 | ₹320000/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻവർഷം ലഭിച്ച തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക – മുതൽ | തൻവർഷം തിരിച്ചടച്ച തുക – പലിശ | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| ലൈഫ് ലോൺ | 17/2018/ധന തീയതി. 06.03.2018 | ₹8249840 | ₹6804512 | ₹15054352 | ₹3912720* | 0 | ₹11141632 |

മുതൽ തിരിച്ചടവിന്റെ വിവരം - ജി.ഒ.പ്രോജക്ട്

1) 223/25 - ₹494770/-, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) രണ്ടാം ഗഡു

2) 225/25 - ₹497083/-, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) മൂന്നാം ഗഡു

3) 224/25 – ₹31470/-, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) രണ്ടാം ഗഡു

4) 226/25 – ₹29397/-, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) മൂന്നാം ഗഡു

* തൻവർഷം ജി.ഓ.പ്രൊജക്ടുകൾ മുഖേന സ്രോതസിൽ തുക കറവ് ചെയ്തത് പ്രകാരമുള്ള ലോൺ തിരിച്ചടവ് -₹1052720/-, 30.03.24 ൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ ₹2860000/- തെറ്റായി 14.08.24 ൽ വീണ്ടും ക്രെഡിറ്റ് ആയതിനാൽ വൗച്ചർ നം.22400685 പ്രകാരം തിരികെ അടവാക്കിയ ₹2860000/- തുക ഉൾപ്പെടെ ആകെ തിരിച്ചടവ് ₹3912720/-.

## 4-7 സ്ഥിര നിക്ഷേപം

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ തുകകളുടെ വിവരം

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന ₹27,150/- ന്റെ വിവരം താഴെ ചേർക്കുന്നു. ഈ തുക പ്രയർ പീരീഡ് ഇൻകം ഹെഡിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ/സ്ഥാപനത്തിന്റെ പേര് | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2023-24 | 1-11.3(2) | ₹2,500.00 | സെന്റ് സേവ്യേഴ്സ് യു.പി.എസ്. കുറ് | 1240801917/31.12.2024 |
| 2 | 2023-24 | 1-11.1(1) | ₹10,600.00<br>₹10,350.00 | ബിലാസ സോഫാസ്, ഇലഞ്ഞി | 1240802810/15.02.2025<br>1240802809/15.02.2025 |
| 3 | 2023-24 | 1-11.1(3) | ₹360.00<br>₹360.00 | മാമ്പള്ളിൽ മെഡിക്കൽസ് | 1240803486/12.03.2025<br>1240803487/12.03.2025 |
| 4 | 2023-24 | 1-11.1(4) | ₹240.00<br>₹240.00 | കല്ലാനീസ് സൂപ്പർ ഷോപ്പ് | 1240803956/25.03.2025<br>1240803957/25.03.2025 |
| 5 | 2022-23 | 1-14-3(5) | ₹2,500.00 | ആൻഡ്രൂസ് സി.വി. | 1240800990/17.08.2024 |
| | | ആകെ | ₹27,150.00 | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്- 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-2 | മൊബൈൽ ടവർ വസ്തു നികുതി നിർണ്ണയത്തിലെ അപാകത | പരാമർശിത മൊബൈൽ ടവറുകളുടെ വസ്തു നികുതി 2015-16 സാമ്പത്തിക വർഷം മുതൽ അടവാക്കി വരുന്നുണ്ട്. പരാമർശം ഒഴിവാക്കുന്നതിന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)ക്ക് ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2-2 | 2016-17 | 2-2 | തൊഴിൽ നികുതി അപാകത സംബന്ധിച്ച് | ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. പരാമർശം ഒഴിവാക്കുന്നതിന് രസീതുകളുടെ പകർപ്പുകൾ സഹിതം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) ക്ക് ന്യൂനത |

| | | | | | |
|---|---|---|---|---|---|
| 2019-20 | 1-26 | 2020-21 | 1-2 | മഴക്കാല പൂർവ ശുചീകരണം-രേഖകൾ ലഭ്യമല്ല | പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ നൽകിയ മറുപടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു. |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹4,53,88,807 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹4,32,34,220 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹10,220 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹5,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4,20,000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ട തുക | | ഉത്തരവാദിയായ വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-10 & 2-1 | ₹10,220/- | - | ശ്രീ. തോമസ് ഉമ്മൻ, സെക്രട്ടറി |
| 1-26 & 3-1 | | ₹5,000/- | ശ്രീ. ബെന്നിഫെഫസ് എം.സിറിയക്ക്, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹3,20,000/- | ശ്രീ. തോമസ് ഉമ്മൻ, സെക്രട്ടറി |
| 1-21 | ₹1,00,000/- | ശ്രീ. തോമസ് ഉമ്മൻ, സെക്രട്ടറി |
| **ആകെ** | **₹4,20,000/-** | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡികകളുടെ വിവരം

ഖണ്ഡിക 1-19

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസത്തിന്/നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.തോമസ് ഉമ്മൻ സെക്രട്ടറി | സെക്രട്ടറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | സമുദായത്തിൽ ഗ്രേസ് കോട്ടേജ്, കാരംകോട്, കൊല്ലം ജില്ല പിൻ-691579 |
| ശ്രീ.ബെന്നിഫെഫസ് എം.സിറിയക്ക്, അസി.സെക്രട്ടറി | അസി.സെക്രട്ടറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | മിറ്റത്താനിക്കൽ, കരിമ്പന പി.ഒ, നോർത്ത് പാലക്കര, എറണാകുളം പിൻ-686662 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1998-99 | 48, 58 | കെഎസ്.എ.ഇ.കെഎം പി9/503(i) /2018/ 3.5.18 | 2 |

| | | | |
|---|---|---|---|
| 2006-07 | 2-2, 3-1ബി, 3-5-2, 3-10, 3-14, 3-15, 3-16, 3-18, 3-19 | കെ.എസ്.എ.ഇ.കെ.എം പി9/503(ii) /2018/3.5.18 | 9 |
| 2008-09 | 2-2, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-10, 3-13, 3-14-1, 3-15(എ), 3-20(1), (2) | എൽ.എഫ്.ഇ പി9/669/10/29.10.2011 | 13 |
| 2009-10& 10-11 | 2-1, 2-2, 2-4, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-11,3-12, 3-14, 3-15 | കെ.എസ്.എ.ഇ.കെ.എം പി9/503(iii) /2018/5.7.18 | 15 |
| 2011-12 | 2-5, 3-5, 3-7 | കെ.എസ്.എ.ഇ.കെ.എം പി9/503(iv /2018/ 3.5.18 | 3 |
| 2012-13 | 2-2, 3-1, 3-2, 3-6, 3-8 | കെ.എസ്.എ.ഇ.കെ.എം പി9/503(v) /2018/5.7.18 | 5 |
| 2013-14 &2014-15 | 2-1, 2-2, 3-6, 3-7, 3-8, 3-9 | കെ.എസ്.എ.ഇ.കെ.എം പി9/2150 /2017/30.7.18 | 6 |
| 2015-16 | 2-4, 3-4, 3-5, 3-6 | കെ.എസ്.എ.ഇ.കെ.എം പി9/2227/ /16/12.1.17 | 4 |
| 2016-17 | 2-1, 2-2, 2-3, 2-5 | കെ.എസ്.എ.ഇ.കെ.എം പിജി/1071/2020 | 4 |
| 2017-18 | 2-4-1, 2-4-3, 2-4-4, 3-6, 3-10 | കെ.എസ്.എ.ഇ.കെ.എം പിജി/1071/2020 | 5 |
| 2018-19 | 1-15, 1-18, 1-20, 4-8 | കെ.എസ്.എ.ഇ.കെ.എം പി9/509/20/ 14.9.2020 | 4 |
| 2019-20 | 1-17, 1-18-1, 2-1, 3-1, 3-2 | കെ.എസ്.എ.ഇ.കെ.എം പി9/509/20/ 14.9.2020 | 5 |
| 2020-21 | 1-2, 1-2-1 (1, 2, 5, 6), 1-11, 1-12, 1-13, 1-14, 1-15, 1-18, 1-19 | കെ.എസ്.എ.ഇ.കെ.എം പി9/1063/22/ 17.02.2023 | 9 |
| 2021-22 | 1-2,-1, 1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 1-19(2), 1-21, 1-22, 1-23, 1-24, 1-25, 1-27, 1-28(1, 2, 3) | കെ.എസ്.എ.ഇ.കെ.എം(പി.9)1602/22 / 24.06.23 | 16 |
| 2022-23 | 1-1, 1-1-1, 1-1-2, 1-1-3, 1-1-4, 1-1-5, 1-9, 1-11 മുതൽ 1-37 വരെ, 4-8, 4-10, 4-11 | കെ.എസ്.എ.ഇ.കെ.എം(പി.9)1761/23/ 11.04.2024 | 46 |
| 2023-24 | 1-14, 1-15, 1-16, 1-17, 1-18, 1-21, 1-23, 1-24, 1-25, 1-27, 1-28, 1-29, 1-31 | കെ.എസ്.എ.ഇ.കെ.എം(പി.9)1781/24 /26.12.24 | 13 |

Mini

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 9(1) dated 11-07-2025 and submitted on 28-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Elanji Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Elanji Grama Panchayat as on 31-03-2025

**Date: 29/11/2025**

**Deputy Director**
**District Office Ernakulam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Elanji Grama Panchayat for the Year 2024-2025 .

**1.Major Observations**

Nil

**2.Other Observations**

i. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

2. Mismatch of property tax figures in between the annual financial statements and Sanchaya figures.

3. In Cash Flow statement Net Increase / decrease in cash flow do not match with difference between opening balance and closing balance.

4. Block Panchayat Contribution expenditure do not match with actual expense and expenditure included in I-6 Schedule.

5. Keralotsavam expenses not included in I-11 schedule of AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്